01
2024
ഏപ്രിൽ
തിങ്കൾ
മീനം 19

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.162 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-162 | പേജ് 4. വില 2.00 രൂപ








02 സെക്യൂരിറ്റി ജീവനക്കാരന്റെ മരണം കൊലപാതകം: ഹോട്ടലുടമയടക്കം 5 പേർ അറസ്റ്റിൽ

03 സൗദി ജയിലിൽ കഴിയുന്ന യുവാവിന്റെ മോചനത്തിന് ബോബി ചെമ്മണ്ണൂരിന്റെ യാചനാ ദൗത്യം

04 ആലപ്പുഴയിൽ വീണ്ടും കടൽ ഉൾവലിഞ്ഞു


# തീരമേഖലയിൽ കടലാക്രമണം രൂക്ഷം

തിരുവനന്തപുരം: ജില്ലയിലെ തീരദേശ മേഖലയിൽ കടലാക്രമണം അതിരൂക്ഷം. ഇന്നലെയുണ്ടായ ശക്തമായ കടലാക്രമണത്തിൽ തീരമേഖല വെള്ളത്തിനടിയിലായി.

ഇന്നലെ ഉച്ചയ്ക്ക് രണ്ട് മണിയോടെയാണ് ജില്ലയിൽ കടലാക്രമണം ആരംഭിച്ചത്. തീരമേഖലയിലെ പലറോഡുകളും വെള്ളത്തിനടിയിലായത് തീരദേശ വാസികളെ ദുരിതത്തിലാക്കി. കൊല്ലങ്കോട് നീരോടിയിൽ 50 ഓളം വീടുകളിലും പൊഴിയൂരിൽ 10 വീടുകളിലും വെള്ളം കയറി. ഇവരെ മാറ്റിപ്പാർപ്പിച്ചു. ഏഷ്യയിലെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയേറിയ കരുംകുളം, പുല്ലുവിള എന്നിവിടങ്ങളിലെ തീരറോഡുകൾ വെള്ളത്തിനടിയിലായി. അടിമലത്തുറയിലും നിരവധി വീടുകളിൽ വെള്ളം കയറി. പൊഴിയൂർ, കുളത്തൂർ, പൂവാർ, കരുംകുളം കോട്ടുകാൽ പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾക്കായി അധികൃതർ സ്കൂളുകൾ സജ്ജമാക്കി. വീടൊഴിഞ്ഞ് പോകുന്നവർ ക്യാമ്പുകളിൽ എത്തണമെന്ന അറിയിപ്പും നൽകിയിട്ടുണ്ട്.

കടലാക്രമണം രണ്ട് ദിവസം കൂടി തുടരുമെന്നും തീരവാസികൾ ജാഗ്രത പാലിക്കണമെന്നും സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

തിരമാലകൾ ഒന്നര മീറ്ററോളം ഉയർന്ന് ആഞ്ഞു വീശി. നിരവധി വീടുകളിൽ വെള്ളം കയറുകയും നിരവധി വീടുകൾക്ക് കേടുപാട് സംഭവിക്കുകയും ചെയ്തു.

അതിർത്തി മേഖലയായ കൊല്ലങ്കോട്, നീരോടി, പൊഴിയൂർ, പൂവാർ, കരുംകുളം, പുല്ലുവിള, അടിമലത്തുറ തീരങ്ങളിലാണ് വീടുകളിൽ വെള്ളം കയറിയത്. പനത്തുറ, പൂന്തുറ, വലിയതുറ, വേളി, തുമ്പ, പെരുമാതുറ, അഞ്ച് തെങ്ങ് തുടങ്ങിയ തീരമേഖലയിലും കടൽ കരയിലേക്ക് ഇരച്ച് കയറി. തീരത്ത് കയറ്റി വച്ചിരുന്ന മത്സ്യബന്ധന വള്ളങ്ങൾക്കും വലകൾക്കും ഉപകരണങ്ങൾക്കും കേടുപാടുകളുണ്ടായി.



## തീരപ്രദേശങ്ങളിൽ വിനോദസഞ്ചാര നിരോധനം

തിരുവനന്തപുരം: കടലാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ജില്ലയിലെ തീരപ്രദേശങ്ങളിലെ വിനോദസഞ്ചാരം താൽക്കാലികമായി നിരോധിക്കാൻ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് ജില്ലാ ദുരന്തനിവാരണ അതോറിട്ടി നിർദേശം നൽകി. തീരദേശ മേഖല ഉൾപ്പെടുന്ന തിരുവനന്തപുരം, നെയ്യാറ്റിൻകര, വർക്കല, ചിറയിൻകീഴ് തഹസിൽദാർമാർ ഇക്കാര്യത്തിൽ ജാഗ്രത പാലിക്കാനും നിർദേശമുണ്ട്. ആർടിഒ, മേജർ ഇറിഗേഷൻ, അദാനി, മൈനർ ഇറിഗേഷൻ, വിസിൽ, പഞ്ചായത്ത് സെക്രട്ടറിമാർ, ഡിഡിപി എന്നിവരുമായി ബന്ധപ്പെട്ട് വേലിയേറ്റ സമയത്തുണ്ടായ വെള്ളം തിരിച്ച് കടലിലേക്ക് ഇറക്കിവിടുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും ജില്ലാ ദുരന്ത നിവാരണ അതോറിട്ടി നിർദേശം നൽകി.

വെള്ളം കയറിയ വീടുകൾ, ക്യാമ്പുകൾ എന്നിവ കേന്ദ്രീകരിച്ച് ഫസ്റ്റ് എയ്ഡ് കിറ്റുകളും അവശ്യ ജീവൻരക്ഷാ മരുന്നുകളും സംഭവസ്ഥലത്ത് എത്തിക്കാൻ ഡിഎംഒയെ ചുമതലപ്പെടുത്തി. കടലാക്രമണ ബാധിത പ്രദേശങ്ങളിൽ റിലീഫ് ക്യാമ്പുകൾ ആരംഭിക്കുന്നതിനായി ബന്ധപ്പെട്ട ക്യാമ്പുകൾ തുടങ്ങാൻ നേരത്തെ തന്നെ തയ്യാറാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെയോ സ്കൂളുകളുടെയോ താക്കോൽ, അവിടെ വെള്ളം, ഭക്ഷണം അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സജ്ജമാക്കുന്നതിനുള്ള നടപടികൾ അതത് തഹസിൽദാർമാരും ക്യാമ്പുമായി ബന്ധപ്പെട്ട വകുപ്പ് മേധാവികളും സ്വീകരിക്കും.

കടലാക്രമണത്തെ തുടർന്ന് റോഡുകളിൽ വെള്ളം കയറി അപകട ഭീഷണി ഉണ്ടാകുന്ന സാഹചര്യത്തിൽ അവിടേക്കുള്ള യാത്രാ നിരോധനം നടപ്പിലാക്കുന്നതിനു പൊലീസ് മേധാവികൾ നടപടി സ്വീകരിക്കും. മൂന്ന് ദിവസത്തേക്ക്, ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ കടലോര മേഖലകളിലേക്ക് വിനോദസഞ്ചാരം അനുവദിക്കില്ലെന്നും ജില്ലാ ദുരന്തനിവാരണ അതോറിട്ടി അറിയിച്ചു.

## പുതിയ സാമ്പത്തിക വർഷത്തിൽ സാമ്പത്തിക രംഗത്ത് പുതിയ പരിഷ്ക്കാരങ്ങൾ

ന്യൂഡൽഹി: പുതിയ സാമ്പത്തിക വർഷത്തിൽ സാമ്പത്തിക രംഗത്ത് നിരവധി പരിഷ്ക്കാരങ്ങൾ ഇന്ന് മുതൽ പ്രാബല്യത്തിൽ വരും. നികുതി ഘടന, ക്രെഡിറ്റ് കാർഡ്, ! !ഡെബിറ്റ് കാർഡ്, ഫാസ്ടാഗ്, ബാങ്കിങ്, നിക്ഷേപ ചട്ടങ്ങളിലെ നിരവധി മാറ്റങ്ങൾ ഇവയിൽ ഉൾപ്പെടുന്നു.

ആദായനികുതിയുമായി ബന്ധപ്പെട്ട് കേന്ദ്ര ബജറ്റ് മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ ഇന്ന് മുതൽ നിലവിൽ വരും. ഇതനുസരിച്ച് പുതിയ നികുതി ഘടന സ്വാഭാവിക രീതിയായി നടപ്പിലാക്കും. വ്യക്തികൾ പഴയ നികുതി ഘടന തെരഞ്ഞെടുക്കുന്നില്ലെങ്കിൽ പുതിയ നികുതി ഘടനയായിരിക്കും ബാധകമാവുക. ഇടക്കാല ബജറ്റിൽ നികുതി ഘടന സംബന്ധിച്ച് മാറ്റങ്ങളൊന്നും പ്രഖ്യാപിച്ചിരുന്നില്ല.

എൻപിഎസ് അക്കൗണ്ടുകൾക്ക് ഇരട്ട സുരക്ഷയുമായി പുതിയ ലോഗിൻ സംവിധാനം നിലവിൽ വരും. യൂസർ ഐഡിപാസ്‌വേഡ് അധിഷ്ഠിത ലോഗിൻ പ്രക്രിയയുമായി ആധാർ സംയോജിപ്പിക്കും. എൻപിഎസ് ചട്ടക്കൂടിനുള്ളിലെ സുരക്ഷാ ഭീഷണികൾ പരിഹരിക്കാനാണ് പുതിയ ലോഗിൻ പ്രക്രിയ ശ്രമിക്കുന്നതെന്ന് പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി (പിഎഫ്ആർഡിഎ) സർക്കുലറിൽ പറയുന്നു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ) ചില ഡെബിറ്റ് കാർഡുകളുമായി ബന്ധപ്പെട്ട വാർഷിക ചാർജുകളിൽ 75 രൂപ വർധന പ്രഖ്യാപിച്ചിട്ടുണ്ട്. നേരത്തെ 125 രൂപയായിരുന്നത് ഇനി 200 രൂപയാകും. എസ്ബിഐ കാർഡ് റിവാർഡ് പോയിന്റ് നയങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ട്. ചില ക്രെഡിറ്റ് കാർഡുകൾക്ക് വാടക പേയ്മെന്റുകളിലെ റിവാർഡ് പോയിന്റുകൾ നിർത്തലാക്കും. ഓറും, എസ്ബിഐ കാർഡ് എലൈറ്റ്, സിംപ്ലി ക്ലിക്ക് എസ്ബിഐ കാർഡ് എന്നിവയിലെ റിവാർഡ് പോയിന്റുകളാണ് നിർത്തലാക്കുക.

ഐസിഐസിഐ ബാങ്ക് കോംപ്ലിമെന്ററി എയർപോർട്ട് ലോഞ്ച് പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും പരിഷ്കരിച്ചു. യെസ് ബാങ്കും ലോഞ്ച് പ്രവേശന ആനുകൂല്യങ്ങൾ പുനഃക്രമീകരിച്ചു. ആക്സിസ് ബാങ്ക് മാഗ്നസ് ക്രെഡിറ്റ് കാർഡ് നിരവധി ആനുകൂല്യങ്ങളിൽ മാറ്റംവരുത്തിയിട്ടുണ്ട്.

മ്യൂച്വൽ ഫണ്ടുകളിൽ കെവൈസി പുതുക്കാത്ത നിക്ഷേപകരെ ഇടപാടുകളൊന്നും ചെയ്യാൻ അനുവദിക്കില്ല. വിദേശ ഇടിഎഫുകളിലെ പുതിയ നിക്ഷേപം തടഞ്ഞുകൊണ്ടുള്ള സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി)യുടെ നിർദേശവും ഇന്ന് മുതൽ പ്രാബല്യത്തിലാകും. പുതുക്കിയ കെവൈസി വിവരങ്ങൾ ഇല്ലാത്ത ഫാസ്ടാഗുകൾ നിർജീവമാകും. ബാലൻസ് ഉണ്ടെങ്കിൽപ്പോലും ഇടപാടുകൾ നടക്കില്ല, ഇൻഷുറൻസ് പോളിസികളുടെ നിർബന്ധിത ഡിജിറ്റലൈസേഷൻ നടപ്പിലാക്കും. ലൈഫ്, ഹെൽത്ത്, ജനറൽ ഇൻഷുറൻസ് ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലുള്ള എല്ലാ ഇൻഷുറൻസ് പോളിസികളും ഇലക്ട്രോണിക് ആയി നൽകും. ഇൻഷുറൻസ് പോളിസി സറണ്ടർ മൂല്യം സംബന്ധിച്ച നിയമങ്ങളിലും മാറ്റമുണ്ട്. പോളിസി കാലാവധിയെത്തും മുമ്പേ അവസാനിപ്പിക്കുമ്പോൾ ലഭിക്കുന്ന തുകയാണ് സറണ്ടർ മൂല്യം. മൂന്ന് വർഷത്തിനുള്ളിൽ പോളിസികൾ സറണ്ടർ ചെയ്താൽ സറണ്ടർ മൂല്യം കുറയും. നാലാം വർഷത്തിലും ഏഴാം വർഷത്തിലും സറണ്ടർ ചെയ്താൽ മൂല്യം അല്പം ഉയരുമെന്നും പുതിയ ചട്ടങ്ങളിലുണ്ട്.

## പൂവാറിൽ ഉല്ലാസ ബോട്ടുകളിൽ മിന്നൽ പരിശോധന നടത്തി

കോവളം: കേരളാ മാരിടൈം ബോർഡ് ഉദ്യോഗസ്ഥരുംപോലീസും പൂവ്വാറിൽ ഉല്ലാസ ബോട്ടുകളിൽ മിന്നൽ പരിശോധന നടത്തി. മധ്യവേനലവധി ആരംഭിച്ചതിനെ തുടർന്ന് കുട്ടികൾ അടക്കമുള്ള സഞ്ചാരികളുടെ തിരക്ക് ഉണ്ടാകാൻ സാധ്യതയുള്ളതിന്റെ അടിസ്ഥാനത്തിൽ ഉല്ലാസ ബോട്ടുകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായാണ് പരിശോധന നടത്തിയത്.

ഇന്നലെ നടന്ന പരിശോധനയിൽ വീഴ്ച കണ്ടെത്തിയ ബോട്ടുടമകൾക്കെതിരെ പിഴ ചുമത്തി. കേന്ദ്ര ഇൻലാന്റ് വെസ്സൽസ് ആക്റ്റ് പ്രകാരമാണ് തുറമുഖ അധികൃതർ പിഴ ചുമത്തിയത്.

ഐ. വി. സർവ്വേയർ നന്ദകുമാർ, അസിസ്റ്റന്റ് അജിത് കുമാർ, പൂവാർ പോലീസ് സ്റ്റേഷനിലെ സി. പി. ഒ. മാരായ വിനോദ്കുമാർ, ജോസഫ് എന്നിവരടങ്ങിയ സംഘമാണ് പരിശോധന നടത്തിയത്. സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മാത്രമേ സർവ്വീസ് നടത്താവൂ എന്ന കർശന നിർദ്ദശം എല്ലാ ബോട്ടുടമകൾക്കും ജീവനക്കാർക്കും നൽകിയതായും തുടർന്നും കർശ്ശന പരിശോധനകൾ ഉണ്ടാകുമെന്നും വിഴിഞ്ഞം തുറമുഖ പർസർ വിനുലാൽ പൂവാർ എസ്. എച്ച്. ഒ. ജയകുമാർ എന്നിവർ പറഞ്ഞു.



പൂവാറിലെ ഉല്ലാസ ബോട്ടുകളിൽ അധികൃതർ പരിശോധന നടത്തുന്നു



# നീണ്ടൂർ സഹകരണ ബാങ്കിലെ വായ്പ തിരിച്ചടവ്: ക്രമക്കേടുകൾ അന്വേഷിക്കണമെന്ന് കോൺഗ്രസ്

ഏറ്റുമാനൂർ: നീണ്ടൂർ സർവീസ് സഹകരണ ബാങ്കിലെ വായ്പാ തിരിച്ചടവിലെ ക്രമക്കേടുകൾ അന്വേഷിക്കണമെന്ന് കോൺഗ്രസ്. നീണ്ടൂരിലെ സിപിഎമ്മിലുണ്ടായ കടുത്ത വിഭാഗീയതയെത്തുടർന്ന് മുൻ ലോക്കൽ സെക്രട്ടറിയും സഹകരണ ബാങ്ക് മുൻ പ്രസിഡൻറുമായ വി.കെ. കുര്യാക്കോസ് സഹകാരികളുടെ അറിവിലേക്ക് എന്ന പേരിൽ പുറത്തിറക്കിയ നോട്ടീസും ഇതിനു മറുപടിയായി സിപിഎം ഏരിയ സെക്രട്ടറി കെ.എൻ. വേണുഗോപാൽ നൽകിയ പ്രസ്താവനയും ബാങ്കിൽ ഗുരുതര ക്രമക്കേടുകൾ നടന്നതായി വ്യക്തമാക്കുന്നതാണെന്ന് ഡിസിസി ജനറൽ സെക്രട്ടറി എം. മുരളി, കോൺഗ്രസ് ബ്ലോക്ക് പ്രസിഡൻറ് ജോറോയി പൊന്നാറ്റിൽ, നീണ്ടൂർ മണ്ഡലം പ്രസിഡൻറ് സിനു ജോൺ, അതിരമ്പുഴ മണ്ഡലം പ്രസിഡൻറ് ജൂബി ഐക്കരക്കുഴി എന്നിവർ പറഞ്ഞു.

വൻ നഷ്ടത്തിലായ ബാങ്കിൽ വായ്പകളുടെ തിരിച്ചടവിലും ജപ്തി നടപടികൾ സംബന്ധിച്ചും ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി നേതാക്കൾ ആരോപിച്ചു. ബാങ്ക് 23 കോടിയിലേറെ രൂപയുടെ നഷ്ടത്തിലാണ്. ബാങ്കിലെ വായ്പാ കുടിശികക്കാരുടെ ഈടു വസ്തു ജപ്തി ചെയ്യുവാനുള്ള ബാങ്ക് നടപടികൾ നിർത്തിവയ്ക്കാൻ സിപിഎം ലോക്കൽ സെക്രട്ടറി എം.എസ്. ഷാജി ശ്രമിക്കുന്നത് സഹകാരികളുടെ കണ്ണിൽ പൊടിയിടാനാണ്. കഴിഞ്ഞവർഷം വായ്പ കുടിശികക്കാരുടെ വസ്തുവിൽ ബാങ്ക് ബോർഡ് സ്ഥാപിച്ചത് പാർട്ടിയുടെ പൂർണ അറിവോടെയാണ്.ലോക്കൽ സെക്രട്ടറി ഇടപെട്ടു സഹായിച്ചത് പാവപ്പെട്ട വായ്പക്കാരെയായിരുന്നില്ല, വലിയ തുക ലോണെടുത്ത കുടിശികക്കാരെയാണ്. ജപ്തി നടപടികൾ സ്വീകരിക്കുന്നതിൽ സഹകരണ നിയമത്തിനു വിരുദ്ധമായി വിവേചനം ബാങ്ക് ഭരണസമിതി നടത്തുന്നു. പാർട്ടിക്ക് വേണ്ടപ്പെട്ട വായ്പക്കാരുടെ പേരിൽ നടപടികൾ ഒന്നും സ്വീകരിക്കാതെ മറ്റുള്ളവരുടെ പേരിലാണ് നടപടി സ്വീകരിക്കുന്നത്.

നീണ്ടൂരിലെ പ്രധാനിയായ പ്രാദേശിക നേതാവിൻറെ കുടുംബത്തിൻറെ വായ്പ കുടിശികയ്ക്ക് നോട്ടീസ് അയയ്ക്കാനുള്ള തീരുമാനത്തിന് എതിരേയുള്ള തർക്കവും സിപിഎമ്മിലെ പുതിയ പ്രശ്നങ്ങൾക്കു ഒരു കാരണമാണെന്ന് നേതാക്കൾ ആരോപിച്ചു.

ബാങ്ക് നഷ്ടത്തിലായത് 20092014ലെ യുഡിഎഫ് ഭരണകാലത്താണെന്ന് എൽഡിഎഫ് സഹകാരികളുടെ ഇടയിൽ കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്തു നടത്തിയ കള്ളപ്രചരണം ഇതോടുകൂടി പൊളിയുകയാണ്. ജപ്തി നടപടികൾ സംബന്ധിച്ചും വായ്പക്കാർക്കു നൽകിയ സാവകാശം സംബന്ധിച്ചും സിപിഎമ്മിനു വേണ്ടപ്പെട്ട പഴയ കുടിശികക്കാർക്ക് എതിരേ നടപടി സ്വീകരിക്കാത്തതു സംബന്ധിച്ചും അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് സഹകരണ വകുപ്പിന് കോൺഗ്രസ് പാർട്ടി പരാതി നൽകുമെന്ന് എം. മുരളി അറിയിച്ചു.

### സിറ്റിങ് ഉണ്ടായിരിക്കില്ല

വഴുതക്കാട്വെള്ളയമ്പലം റോഡിലെ ഗതാഗതം നിരോധിച്ചതിനാൽ തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷനിൽ ഏപ്രിൽ 1, 2 തീയതികളിൽ സിറ്റിങ് ഉണ്ടായിരിക്കില്ലെന്ന് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ അറിയിച്ചു.

# പിടിച്ചെടുത്ത പ്രചാരണ സാമഗ്രികൾ വലിച്ചെറിയുന്നു, പരാതി

തൃശൂർ: ലോക്സഭാ തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിൻറെ ഭാഗമായി പൊതുസ്ഥലങ്ങളിൽനിന്നു പിടിച്ചെടുക്കുന്ന പ്രചാരണസാമഗ്രികളും പോസ്റ്ററുകളും അലക്ഷ്യമായി വലിച്ചെറിയുന്നതായി ആക്ഷേപം.

വിവിധ എംസിസി, ആൻറി ഡീഫെയ്സ്മെൻറ് സ്ക്വാഡുകൾ പിടിച്ചെടുക്കുന്ന രാഷ്ട്രീയപാർട്ടികളുടെ/ സ്ഥാനാർഥികളുടെ പോസ്റ്റർ, ബാനർ, കൊടിതോരണങ്ങൾ എന്നിവ പൊതുസ്ഥലങ്ങളിൽ ചിതറിക്കിടക്കുന്നതായും പല സ്ഥലങ്ങളിലായി കൂട്ടിയിടുന്നെന്നുമാണ് ആരോപണം.

ഇത്തരം നിരവധി സംഭവങ്ങൾ ശ്രദ്ധയിൽപെട്ടതിനെതുടർന്നു പിടിച്ചെടുക്കുന്ന വസ്തുക്കൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യണമെന്നു ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കളക്ടർ കർശനനിർദേശം നല്കി.

പിടിച്ചെടുക്കുന്നവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ നിർദേശിക്കുന്ന ഏജൻസിക്കോ ഹരിതകർമസേനയ്ക്കോ കൈമാറണമെന്നാണു നിർദേശം. അതിനുള്ള നടപടി അതതു സ്ക്വാഡുകൾ സ്വീകരിക്കണം. നിർദേശം ലംഘിച്ചാൽ തെരഞ്ഞെടുപ്പുചട്ടങ്ങൾക്കും മാർഗനിർദേശങ്ങൾക്കും വിരുദ്ധമാണെന്നും നിയമനടപടി സ്വീകരിക്കുമെന്നും മുന്നറിയിപ്പു നല്കി.

ഏതാനും ദിവസങ്ങളിലായി ജില്ലയിലെ ആൻറി ഡീഫെയ്സ്മെൻറ് സ്ക്വാഡുകളുടെ നേതൃത്വത്തിൽ ഒന്നേമുക്കാൽ ലക്ഷത്തോളം പ്രചാരണ സാമഗ്രികൾ നീക്കംചെയ്തു. ഇതിൽ കുറെയെല്ലാം വിദഗ്ധമായി കൈകാര്യം ചെയ്തെങ്കിലും ചിലയിടങ്ങളിൽ അലക്ഷ്യമായി ചിതറിയിട്ടതായാണു പരാതി. ചുമരുകളിലും വൈദ്യുതി പോസ്റ്റുകളിലും സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങളിലും ഒട്ടിച്ചിരുന്ന പോസ്റ്ററുകൾ അവിടെത്തന്നെ അടർത്തിയിട്ടതാണു പരാതിക്കിടയാക്കിയത്.

പോസ്റ്ററുകൾ ധാരാളമായി ഒട്ടിച്ചിരുന്ന സ്ഥലങ്ങളിൽ കീറിയിട്ടവ കാറ്റത്തു പാറി റോഡിലേക്കു പരന്നു. വാഹനങ്ങൾ കടന്നുപോകുന്പോൾ ഇവ വായുവിൽ ഉയർന്ന് ഇരുചക്രവാഹനങ്ങൾ അടക്കമുള്ളവയ്ക്കു ബുദ്ധിമുട്ടുണ്ടാക്കിയെന്നു പരിസരവാസികൾ കുറ്റപ്പെടുത്തി.

13 നിയോജകമണ്ഡലങ്ങളിലായി രണ്ടുവീതം ആകെ 26 ആൻറി ഡീഫെയ്സ്മെൻറ് സ്ക്വാഡുകളാണു പ്രവർത്തിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ പതിച്ച സാമഗ്രികളാണു നീക്കിയത്. പൊതുസ്ഥലങ്ങളിലെ 726 ചുവരെഴുത്തുകൾ, 11167 പോസ്റ്ററുകൾ, 2894 ബാനർ, 33613 കൊടികളും തോരണങ്ങളും മറ്റും ഇതിൽ ഉൾപ്പെടുന്നു. കഴിഞ്ഞ ദിവസംമാത്രം പൊതുയിടങ്ങളിൽനിന്നു 52 ചുവരെഴുത്തുകൾ, 16759 പോസ്റ്റർ, 183 ബാനറുകൾ, 2334 മറ്റു പ്രചരണ വസ്തുക്കൾ ഉൾപ്പെടെ 19328 സാമഗ്രികൾ നീക്കി. സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങളിൽ ഉടമകളുടെ അനുമതിയില്ലാതെ പതിക്കുന്നവയും നീക്കുന്നുണ്ട്. സർക്കാർസ്ഥാപനങ്ങളിലും പരിസരങ്ങളിലും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പ്രചാരണസാമഗ്രികൾ 24 മണിക്കൂറിനകവും പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചവ 48 മണിക്കൂറിനകവും നിയമപരമല്ലാതെ സ്വകാര്യ വസ്തുവഹകളിൽ സ്ഥാപിച്ചവ 72 മണിക്കൂറിനകവും നീക്കം ചെയ്യണമെന്നാണു ജില്ലാ കളക്ടറുടെ ഉത്തരവ്.

മാതൃകാപെരുമാറ്റച്ചട്ടലംഘനം സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ 1950 എന്ന ടോൾ ഫ്രീ നന്പറിലും സിവിജിൽ മൊബൈൽ ആപ്ലിക്കേഷൻ മുഖേനയും പരാതി നൽകാം.

# ബാൾട്ടിമോർ അപകടം; രണ്ട് മൃതദേഹങ്ങൾ കണ്ടെത്തി

ബാൾട്ടിമോർ: യുഎസ് സംസ്ഥാനമായ മേരിലാൻഡിലെ ബാൾട്ടിമോറിൽ ചരക്കുകപ്പലിടിച്ച് ഫ്രാൻസിസ് സ്കോട്ട് കീ പാലം തകർന്ന് ആറുപേരെ കാണാതായ സംഭവത്തിൽ രണ്ടുപേരുടെ മൃതദേഹം കണ്ടെത്തി. നാലുപേരുടെ മൃതദേഹങ്ങൾ ഇനിയും കണ്ടെത്താനുണ്ട്. പാലത്തിൽ അറ്റകുറ്റ പണികൾ നടത്തുന്ന തൊഴിലാളികളുടെ മൃതദേഹങ്ങളാണ് കണ്ടെത്തിയത്. മെക്സിക്കോ സ്വദേശി അലജാൻഡ്രോ ഹെർണാണ്ടസ് ഫ്യൂന്റസ് (35), ഗ്വാട്ടിമാല സ്വദേശി ഡോർലിയൻ റൊണിയൽ കാസ്റ്റില്ലോ കാബ്രേര (26) എന്നിവരുടെ മൃതദേഹങ്ങളാണ് കണ്ടെടുത്തത്.

ഇവർ പാലത്തിൽ അറ്റകുറ്റ പണികൾ നടക്കുന്നതിനിടെയായിരുന്നു അപകടമുണ്ടായത്. പാലത്തിന്റെ മധ്യഭാഗത്ത് 25 അടിയോളം താഴ്ചയിൽ നിന്നുമാണ് മൃതദേഹങ്ങളടങ്ങിയ പിക് അപ് വാൻ കണ്ടെടുത്തത്. കാണാതായവർക്കുള്ള തെരച്ചിൽ തുടരുന്നതിനും പാലത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുമായി കപ്പൽ അപകട സ്ഥലത്ത് നിന്നും മാറ്റാനുള്ള നടപടികൾ ആരംഭിച്ചതായി അധികൃതർ അറിയിച്ചു.

ബാൾട്ടിമോർ തുറമുഖത്തുനിന്ന് കൊളംബോയിലേക്ക് പുറപ്പെട്ട ചരക്കുകപ്പൽ പാലത്തിലിടിച്ച് ചൊവ്വാഴ്ച പുലർച്ചെയായിരുന്നു അപകടമുണ്ടായത്.

# പേരാമ്പ്ര അനു കൊലക്കേസ്; പ്രതി മുജീബ് റഹ്മാന്റെ ഭാര്യ റിമാൻഡിൽ

പേരാമ്പ്ര: പേരാമ്പ്ര അനു കൊലക്കേസിലെ പ്രതി മുജീബ് റഹ്മാന്റെ ഭാര്യ റൗഫീന റിമാൻഡിൽ. തെളിവ് നശിപ്പിക്കാൻ ശ്രമിച്ചതിനാണ് റൗഫീനയെ പേരാമ്പ്ര പൊലീസ് അറസ്റ്റ് ചെയ്തത്. മുജീബ് റഹ്മാനെ വിശദമായി ചോദ്യം ചെയ്തപ്പോഴാണ് കേസിൽ റൗഫീനയുടെ പങ്ക് വ്യക്തമായത്. തുടർന്ന് പൊലീസ് കൊണ്ടോട്ടിയിലെ വീട്ടിലെത്തി റൗഫീനയെ അറസ്റ്റു ചെയ്യുകയായിരുന്നു. അനുവിന്റെ സ്വർണം വിറ്റ പണം റൗഫീനയ്ക്കാണ് മുജീബ് നൽകിയത്. ഈ പണം പൊലീസ് കണ്ടെടുത്തു. കൊലപാതകത്തെക്കുറിച്ച് റൗഫീനയ്ക്ക് അറിവുണ്ടായിരുന്നുവെന്നാണ് പൊലീസ് പറയുന്നത്. സ്വർണാഭരണങ്ങൾ വിറ്റതിൽ 1,43,000 രൂപയാണ് കിട്ടിയത്. ആദ്യം ചോദ്യം ചെയ്യലിൽ സ്വർണം വിറ്റ പണം ചീട്ടുകളിക്കായി ഉപയോഗിച്ചെന്നാണ് പൊലീസിനോട് പറഞ്ഞത്. കൂടുതൽ ചോദ്യം ചെയ്തപ്പോഴാണ് പണം ഭാര്യയെ ഏല്പിച്ചതായി വ്യക്തമായത്. ഈ പണം എങ്ങനെ കിട്ടി എന്ന കാര്യവും ഭാര്യയോട് മുജീബ് വെളിപ്പെടുത്തിയിരുന്നു. പണം ഉപയോഗിച്ച് കാർ വാങ്ങിക്കാനും ഇരുവരും ശ്രമിച്ചു. കഴിഞ്ഞ 16ന് മുജീബ് അറസ്റ്റിലായതോടെ പൊലീസ് എത്തുമെന്ന് മനസിലാക്കി പണം റൗഫീന കൂട്ടുകാരിയുടെ പക്കൽ കൊടുത്തു. കൊലപാതകത്തെക്കുറിച്ച് അറിവുണ്ടായിരുന്ന റൗഫീന, മുജീബിന് ചെറിയ കയ്യബദ്ധം പറ്റിയെന്ന തരത്തിലാണ് നാട്ടുകാർക്കിടയിൽ പ്രചരിപ്പിച്ചത്. സ്വർണം മോഷ്ടിച്ച വിവരമൊന്നും ആരോടും പറഞ്ഞില്ല. പേരാമ്പ്ര കോടതിയിൽ ഹാജരാക്കിയ റൗഫീനയെ രണ്ടാഴ്ചത്തേക്കു റിമാൻഡ് ചെയ്തു. ഇരുവരേയും ഒരുമിച്ചിരുത്തി ചോദ്യം ചെയ്താൽ അനുവിന്റെ സ്വർണ മാലയും മോതിരവും കണ്ടെടുക്കാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് പൊലീസ്. മാർച്ച് 11നാണ് അനു കൊല്ലപ്പെട്ടത്. വാളൂരിലെ വീട്ടിൽ നിന്ന് പോയ അനുവിനെ പ്രതി ബൈക്കിൽ ലിഫ്റ്റ് നൽകി തോട്ടിൽ മുക്കി കൊലപ്പെടുത്തുകയായിരുന്നു. സ്ഥലത്ത് അസ്വാഭാവിക സാഹചര്യത്തിൽ ചുവന്ന ബൈക്കിൽ ഒരാൾ കറങ്ങിയത് കണ്ടെന്ന് നാട്ടുകാർ പൊലീസിന് മൊഴി നൽകിയതോടെ ഇത് കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് മുജീബ് റഹ്മാൻ പിടിയിലായത്.

# സെക്യൂരിറ്റി ജീവനക്കാരൻെറ മരണം കൊലപാതകം: ഹോട്ടലുടമയടക്കം 5 പേർ അറസ്റ്റിൽ

കൊച്ചി: ഹോട്ടലിനു സമീപം വീണു പരിക്കേൽക്കുകയും ചികിത്സയ്ക്കിടെ മരിക്കുകയും ചെയ്ത സെക്യൂരിറ്റി ജീവനക്കാരനെ മർദിച്ച് കൊലപ്പെടുത്തിയതെന്ന് പോലീസ്. സംഭവത്തിൽ ഹോട്ടലുടമയടക്കം അഞ്ചുപേരെ പോലീസ് അറസ്റ്റ് ചെയ്തു. കെപിആർ സെക്യൂരിറ്റി സർവീസിൽ ജോലി ചെയ്യുന്ന തിരുവനന്തപുരം വിളപ്പിൽശാല സ്വദേശി മനുകുട്ടനാ(53)ണ് കൊല്ലപ്പെട്ടത്.

കേസുമായി ബന്ധപ്പെട്ട് ലിസി ആശുപത്രിക്ക് സമീപമുള്ള ഉപ്പും മുളകും ഹോട്ടൽ ഉടമ കാസർഗോഡ് സ്വദേശി പി. എം. മുഹമ്മദ് അസ്ലം (50), ജീവനക്കാരായ ആസാം സ്വദേശി ഹച്ചിമദീൻ (25), വെസ്റ്റ് ബംഗാൾ സ്വദേശികളായ ജാഫർ അലം (18), മുഹമ്മദ് അസ്ലം സാഹബ് (18), അസിം ഭഗത്ത് (28) എന്നിവരെയാണ് എറണാകുളം നോർത്ത് പോലീസ് ഇൻസ്പെക്ടർ പ്രതാപ് ചന്ദ്രൻറെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 25ന് ഉച്ചയ്ക്കായിരുന്നു സംഭവം. മദ്യപിച്ചെത്തിയ മനുക്കുട്ടനെ ഉപ്പും മുളകും ഹോട്ടലിന് സമീപം വീണ് തലയ്ക്ക് പരിക്കേറ്റ നിലയിൽ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലും പിന്നീട് തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിലും പ്രവേശിപ്പിക്കുകയായിരുന്നു. ചികിത്സയിലിരിക്കെ 26ന് രാവിലെ 11ന് ഇദ്ദേഹം മരിച്ചു.

തുടർന്ന് അസ്വാഭാവിക മരണത്തിനാണ് ആദ്യം എറണാകുളം നോർത്ത് പോലീസ് കേസെടുത്തത്. തുടർന്ന് എസ്എച്ച്ഒ പ്രതാപ് ചന്ദ്രൻറെ നേതൃത്വത്തിൽ ഹോട്ടലിലേയും സമീപ പ്രദേശങ്ങളിലെയും സിസിടിവികൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ കൊലപാതകമാണെന്ന് കണ്ടെത്തുകയായിരുന്നു. പോസ്റ്റുമോർട്ടം റിപ്പോർട്ടിലും മരണകാരണം മർദനമാണെന്ന് വ്യക്തമായിരുന്നു.

ഹോട്ടലിൽ ഭക്ഷണം കഴിക്കാനെത്തിയ മനുക്കുട്ടൻ ഭക്ഷണം കിട്ടാൻ വൈകിയതിനെത്തുടർന്ന് ഹോട്ടൽ ജീവനക്കാരുമായി വാക്കുതർക്കത്തിൽ ഏർപ്പെട്ടു. തുടർന്നുണ്ടായ സംഘർഷമാണ് മരണത്തിലേക്ക് നയിച്ചത്. ഹോട്ടൽ ജീവനക്കാർ മനുക്കുട്ടനെ മർദിക്കുകയും പിടിച്ചു തള്ളിയപ്പോൾ ഹോട്ടലിൻറെ വശത്തുള്ള ചവിട്ടുപടിയിൽ തലയിടിച്ചു വീഴുകയും ചെയ്തു.

തലയ്ക്കു പരിക്കേറ്റ് ബോധരഹിതനായ ഇദ്ദേഹത്തെ ഹോട്ടലുടമയുടെ നിർദേശത്തെ തുടർന്ന് ജീവനക്കാർ മുൻവശത്തുള്ള കാനയുടെ ഭാഗത്തേക്ക് മാറ്റി കിടത്തിയശേഷം ഹോട്ടലിനുള്ളിലെ രക്തം കഴുകി കളഞ്ഞ് തെളിവു നശിപ്പിക്കുകയായിരുന്നു.

# അർജന്റീന 70,000 സർക്കാർ ജീവനക്കാരെ പിരിച്ചുവിടും

ബ്യൂണസ് അയേഴ്സ്: 70,000 സർക്കാർ ജീവനക്കാരെ പിരിച്ചുവിടാനുള്ള പദ്ധതിയുമായി അർജന്റീനിയൻ പ്രസിഡന്റ് ഹവിയർ മിലേ. വരും മാസങ്ങളിൽ തീരുമാനം നടപ്പാക്കുമെന്നാണ് റിപ്പോർട്ടുകൾ.

ജോലി വെട്ടിക്കുറയ്ക്കൽ കൂടാതെ ചെലവ് ചുരുക്കൽ നടപടിയും സർക്കാർ നടപ്പാക്കുമെന്നാണ് വിവരം. അഴിമതി ആരോപണം ഉന്നയിച്ച് പ്രവിശ്യാ സർക്കാരുകൾക്കുള്ള ധനസഹായം വെട്ടിക്കുറച്ചു. പൊതു നിർമാണ പ്രവർത്തനങ്ങൾ നിർത്തിവച്ചു. 200,000ത്തിലധികം സാമൂഹിക ക്ഷേമ പദ്ധതികൾ റദ്ദാക്കി. ഈ വർഷം എന്തുവിലകൊടുത്തും സാമ്പത്തിക സ്ഥിതി സന്തുലിതാവസ്ഥയിലെത്താനുള്ള തന്ത്രത്തിന്റെ ഭാഗമാണിത്.

പൊതുമേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിയതോടെ അർജന്റീനയിലെ 350 ലക്ഷം പൊതുമേഖലാ തൊഴിലാളികളിൽ ഒരു വിഭാഗത്തിന് തൊഴിൽ നഷ്ടമായി. മിലേയുടെ തൊഴിൽ വെട്ടിക്കുറയ്ക്കലുകളെ തുടർന്ന് രാജ്യത്തെ തൊഴിലാളി യൂണിയനുകൾ എതിർപ്പ് പ്രകടിപ്പിച്ചു. സർക്കാർ ജീവനക്കാരുടെ ഒരു യൂണിയൻ ചൊവ്വാഴ്ച പണിമുടക്കിയിരുന്നു. അർജന്റീനക്കാർ സമ്പദ്വ്യവസ്ഥയുടെ ഭാവിയെക്കുറിച്ച് കൂടുതൽ ശുഭാപ്തിവിശ്വാസമുള്ളവരാണെന്ന് കാണിക്കുന്ന വോട്ടെടുപ്പുകളിലാണ് മിലേയുടെ പ്രത്യാശ. അതേസമയം അദ്ദേഹത്തിന്റെ ചെലവുചുരുക്കൽ നടപടികൾക്കിടയിലും സർക്കാരിലുള്ള പൊതുജനവിശ്വാസത്തിന്റെ സമീപകാല സൂചകം ഉയർന്നതായിട്ടാണ് വോട്ടെടുപ്പുകളിലെ ഫലം

# സംഭവിക്കില്ലെന്ന് കരുതിയ പലതും രാജ്യത്ത് നടപ്പിലാക്കിയെന്ന് പ്രധാനമന്ത്രി

ലക്നൗ: സംഭവിക്കില്ലെന്ന് കരുതിയ പലതും എൻഡിഎ സർക്കാർ രാജ്യത്ത് നടപ്പിലാക്കിയെന്ന് പ്ര ധാനമന്ത്രി നരേന്ദ്രമോദി. ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപിയും എൻഡിഎ മുന്നണിയും മിന്നുന്ന വിജയം നേടുമെന്നും ഉത്തർപ്രദേശിലെ മീററ്റിൽ നടത്തിയ തെരഞ്ഞെടുപ്പ് റാലിയിൽ അദ്ദേഹം പറഞ്ഞു.

അയോധ്യയിൽ ഇക്കുറി രാംലല്ലയും ഹോളി ആഘോഷിച്ചു, മുത്തലാഖ് നിരോധിച്ച് മുസ്ലീം സ്ത്രീകളുടെ അവകാശം സംരക്ഷിച്ചു. അഴിമതിക്കാരെ സംരക്ഷിക്കാനാണ് പ്രതിപക്ഷ നീക്കം അഴിമതിക്കാരുടെ ഇന്ത്യാ സഖ്യത്തെ ഭയമില്ലെന്നും മോദി പറഞ്ഞു.

ഇന്ത്യയെ വികസിത രാജ്യമാക്കാനുള്ള തെരഞ്ഞെടുപ്പാണിതെന്നും അഴിമതിക്കാരെ ഇല്ലാതാക്കമെന്നും മോദി പറഞ്ഞു. അഴിമതിക്കാരിൽ നിന്ന് ഇഡി പിടിച്ചെടുത്ത പണം രാജ്യത്തെ സാധാരണക്കാർക്ക് തിരിച്ചു നൽകുമെന്നും പ്രധാനമന്ത്രി ആവർത്തിച്ചു.

# വൈദ്യുതീകരണം: നിലമ്പൂർഷൊർണൂർ പാതയിൽ കൂടുതൽ ജാഗ്രത വേണം

നിലമ്പൂർ: നിലമ്പൂർ ഷൊർണൂർ റെയിൽപാതയിൽ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ പാതയുടെ സമീപങ്ങളിൽ താമസിക്കുന്നവരും റെയിൽവേ സ്റ്റേഷനികളിലെത്തുന്നവരും കൂടുതൽ ജാഗ്രത പാലിക്കേണ്ടിവരും.

ട്രാക്കിൽ ഇരിക്കുന്നത്, ഇലക്ട്രിക് തൂണുകളിൽ ചാരി നിൽക്കുന്നത് എന്നിവ ഒഴിവാക്കണം. എർത്തിംഗ് ശരിയല്ലെങ്കിൽ അപകട സാധ്യതയുണ്ട്. 25 കെ. വി. ഓവർഹെഡ് ഇലക്ട്രിക്കൽ ലൈനിൻറെ രണ്ടു മീറ്റർ ചുറ്റളവിൽ വന്നാലും നല്ല രീതിയിൽ ഷോക്ക് ഏൽക്കാൻ സാധ്യതയുണ്ടെന്നാണ് അധികൃതർ നൽകുന്ന സൂചന. (വീടുകളിൽ 230 വോൾട്ട് ആണെങ്കിൽ ഇതിലൂടെ പോകുന്നത് 25,000 വോൾട്ട് ആണ്)25 കെ. വി. ലൈൻ ഓഫ് ചെയ്താലും അതിൽ നാല് കെ. വി. വൈദ്യുതി വരെ ഉണ്ടാകും. എർത്ത് ചെയ്തത് പൊട്ടിയതായി ശ്രദ്ധയിൽപെട്ടാൽ എത്രയും പെട്ടെന്ന് ബന്ധപ്പെട്ടവരെ വിവരമറിയിക്കണം. നിലമ്പൂർ മുതൽ ഷൊർണൂർ വരെയുള്ള 66 കിലോ മീറ്ററാണ് വൈദ്യുതീകരിക്കുന്നത്. ഇതിൻറെ പരിശോധനകൾക്കായി ഓവർ ഹെഡ് ഇലക്ട്രിക്കൽ ഇൻസ്പെക്ഷൻ വാൻ (ഒഎച്ച്ഇ വാൻ) കഴിഞ്ഞ ദിവസം അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷനിൽ എത്തി ലൈനിൽ പരിശോധന നടത്തി.

ഇ കാൻറിലിവർ രീതിയിലാണ് വൈദ്യുതി കമ്പികൾ കടന്നുപോകുന്നത്. ട്രാക്ഷൻ സബ് സ്റ്റേഷൻറെ പണി മേലാറ്റൂരിൽ നടന്നുവരുന്നു. വാടാനാംകുർശി, വാണിയമ്പലം, അങ്ങാടിപ്പുറം എന്നിവിടങ്ങളിലാണ് വൈദ്യുതി സ്വിച്ചിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്. ഷൊർണൂർ മുതൽ നിലമ്പൂർ വരെ 1,204 തുണുകൾ സ്ഥാപിച്ചാണ് വൈദ്യുതി ലൈൻ വലിക്കുന്നത്. വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായുള്ള പ്രധാന ഓഫീസുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും നിർമാണം അവസാനഘട്ടത്തിലാണ്.

90 കോടി രൂപയാണ് നിലമ്പൂർഷൊർണൂർ പാത വൈദ്യുതീകരണത്തിന് ചെലവ് കണക്കാക്കുന്നത്.

സമയബന്ധിതമായി പാതയുടെ വൈദ്യുതീകരണം പൂർത്തിയാക്കിയ റെയിൽവേക്ക് നിലമ്പൂർമൈസൂർ റെയിൽവേ കർമ സമിതിയുടെ അഭിനന്ദനങ്ങളും നന്ദിയും ഭാരവാഹികൾ രേഖപ്പെടുത്തി.

# വടക്കഞ്ചേരി ടൗൺ ബസാർ റോഡിൽ ചെറുപുഷ്പം ജംഗ്ഷൻ വളവിലും നടപ്പാത നിർമിക്കണം

വടക്കഞ്ചേരി: വടക്കഞ്ചേരി ടൗണിൽ ചില ഭാഗങ്ങളിൽ നടപ്പാത നിർമിക്കാതെ ഒഴിവാക്കിയത് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി പരാതി. ചെറുപുഷ്പം ജംഗ്ഷനിൽനിന്നു പോലീസ് സ്റ്റേഷൻ റോഡിലേക്ക് തിരിയുന്ന ഭാഗമാണ് ഒഴിവാക്കിയിട്ടുള്ളത്. വളവും ഇറക്കവുമായ ഇവിടെയാണ് സുരക്ഷിത യാത്രയ്ക്ക് നടപ്പാത എറ്റവും അത്യാവശ്യമായുള്ളത്. എന്നാൽ അത് ഒഴിവാക്കി 20 മീറ്റർ മാറിയാണ് പിന്നെ നടപ്പാത ആരംഭിക്കുന്നത്.

മംഗലംപാലം മുതൽ തങ്കം ജംഗ്ഷൻ വരെയുള്ള വടക്കഞ്ചേരി ടൗൺ ബസാർ റോഡിൻറെ നവീകരണ പ്രവൃത്തിയാണ് ഇനിയും പൂർത്തിയാക്കാനുള്ളത്. ബ്യൂട്ടിഫിക്കേഷൻ ഓഫ് ബസാർ റോഡ് എന്ന എസ്റ്റിമേറ്റിലായിരുന്നു നവീകരണം.

മൂന്നരകോടി രൂപയുടെതായിരുന്നു പദ്ധതി. ടൗൺ റോഡിൻറെ ഇരുഭാഗത്തേയും ഫുട്പാത്തുകളിൽ അറ്റകുറ്റപണി നടത്തി സുരക്ഷ ഉറപ്പാക്കിയെന്ന് പറയുമ്പോഴും ഫുട്പാത്ത് യാത്ര ഇന്നും ദുർഘടകരമാണ്. 2014ലാണ് ഇതിനു മുമ്പ് റോഡ് വികസനം നടന്നത്. അന്ന് നടന്ന ടാറിംഗ് അധികകാലമൊന്നും നീണ്ടുനിന്നില്ല. ഇതിനിടെ പല തവണ റോഡിൻറെ അറ്റകുറ്റപണികൾ നടത്തി. ഒന്നിനും ദീർഘായുസുണ്ടായില്ല.

## ഹൈമാസ്റ്റ് ലൈറ്റ് തകരാറിൽ, ഇരുട്ടിലായി അണിക്കോട് ജംഗ്ഷൻ

ചിറ്റൂർ: താലൂക്ക് ആസ്ഥാന കേന്ദ്രമായ അണിക്കോട് നാൽക്കവല ജംഗ്ഷനിൽ ഹൈമാസ്റ്റ് ലാമ്പ് അണഞ്ഞ് മാസങ്ങളായും മാറ്റി സ്ഥാപിക്കാത്തതിൽ യാത്രക്കാരുടെ പരാതി ശക്തമാകുന്നു. നിലവിൽ അഞ്ച് ബൾബുകളിൽ ഒരെണ്ണം മാത്രമാണ് പ്രകാശിക്കുന്നത്.

ഈ സ്ഥലത്ത് റോഡ് മുറിച്ച് നടക്കുന്നതു പോലും അപകട മുനമ്പിലാണ്. മാസങ്ങൾക്ക് മുൻപ് പകൽ സമയത്ത് അണിക്കോട്ടിൽ ബസിടിച്ച് വൃദ്ധ മരണപ്പെട്ട അപകടം സംഭവം നടന്നിട്ടുണ്ട്. ഇതു കൂടാതെ ബൈക്കുകൾ കൂട്ടിയിടിച്ച അപകടങ്ങളും നടന്നിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ ജംഗ്ഷനുകൾ പോലും ഹൈമാസ്റ്റ് ലാമ്പുകളിൽ നിറയുകയാണ്. എന്നാൽ താലൂക്ക് ആസ്ഥാനത്തെ നഗരമധ്യം ഇരുട്ടിലാണുള്ളത്. രാത്രി സമയങ്ങളിൽ വലിയ അപകടം ഉണ്ടായശേഷമേ നഗരസഭാ അധികൃതർ ശ്രദ്ധിക്കുകയുള്ളു എന്നത് യാത്രക്കാരെ നിരാശപ്പെടുത്തുകയാണ്.

## കാട്ടാന ഷോക്കേറ്റ് ചരിഞ്ഞ സംഭവം: പ്രതി അറസ്റ്റിൽ

നിലമ്പൂർ: മൂത്തേടം നമ്പൂരിപ്പൊട്ടിയിൽ കാട്ടാന ഷോക്കേറ്റ് ചരിഞ്ഞ സംഭവത്തിൽ ഒളിവിലായിരുന്ന പ്രതിയും വനംവകുപ്പിൻറെ പിടിയിലായി. നമ്പൂരിപ്പൊട്ടി സ്വദേശി കുന്നേക്കാടൻ സുബിഷ് (35) നെയാണ് നിലമ്പൂർ റേഞ്ച് ഓഫീസർ കെ. ജി. അൻവറും സംഘവും അറസ്റ്റ് ചെയ്തത്. മൂന്നു പേർ നേരത്തെ അറസ്റ്റിലായിരുന്നു.

ഇതോടെ ഈ കേസിലെ പ്രതികളായ നാലു പേരും പിടിയിലായി. നമ്പൂരിപ്പൊട്ടിയിൽ പുഴയോരത്താണ് കാട്ടാന ഷോക്കേറ്റ് ചരിഞ്ഞിരുന്നത്. മൂത്തേടം നമ്പൂരിപ്പൊട്ടി സ്വദേശികളായ മങ്ങാട്ടിൽ രാമചന്ദ്രൻ (52), കുന്നക്കാടൻ സുധീഷ് (39), പറയിടത്തിൽ ഷിബു ജോർജ് (43) എന്നിവരാണ് നേരത്തെ പിടിയിലായത്. ആനയെ ഷോക്ക് ഏൽപിച്ചു കൊല്ലുകയും തെളിവുകൾ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തുവെന്ന കുറ്റമാണ് പ്രതികൾക്കെതിരെയുള്ളത്. കഴിഞ്ഞ മാസം പതിനാറിനാണ് നമ്പൂരിപ്പൊട്ടിയിൽ പുഴയോരത്ത് ഷോക്കേറ്റ് ചരിഞ്ഞ നിലയിൽ കാട്ടാനയുടെ ജഡം കണ്ടെത്തിയത്.

# ആഗോള വിപുലീകരണം ലക്ഷ്യമിട്ട് ഇവാലോജിക്കൽ ടെക്നോപാർക്ക് ഫേസ്3 ൽ ഓഫീസ് തുറന്നു

## 50 ഓളം തൊഴിലവസരങ്ങൾ ഉടൻ സൃഷ്ടിക്കും



*ഇവാലോജിക്കലിൻറെ ടെക്നോപാർക്ക് ഫേസ്3 ലെ പുതിയ ഓഫീസ് ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) ഉദ്ഘാടനം ചെയ്യുന്നു.*

തിരുവനന്തപുരം: ആഗോള വിപുലീകരണവും സംസ്ഥാനത്തെ ഐടി ആവാസവ്യവസ്ഥയിൽ നിന്നുള്ള പ്രതിഭകളെ പ്രയോജനപ്പെടുത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ലക്ഷ്യമിട്ട് പ്രമുഖ ടെക്നോളജി കമ്പനിയായ ഇവാലോജിക്കൽ പ്രൈവറ്റ് ലിമിറ്റഡ് ടെക്നോപാർക്ക് ഫേസ് 3 ൽ പ്രവർത്തനം ആരംഭിച്ചു. ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) ഫേസ് 3 ലെ ഇവാലോജിക്കലിൻറെ പുതിയ ഓഫീസ് ഉദ്ഘാടനം ചെയ്തു.

ലോകമെമ്പാടുമുള്ള അത്യാധുനിക സോഫ്റ്റ് വെയർ സൊല്യൂഷനുകളുടെയും സേവനങ്ങളുടെയും വിശ്വസ്ത ദാതാവായി അതിവേഗം മാറിയ ഇവാലോജിക്കൽ യുഎസ്, നെതർലാൻഡ്സ്, ന്യൂസിലാൻഡ്, ഓസ്ട്രേലിയ, സ്പെയിൻ, അങ്കോള, കാനഡ, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിൽ സേവനം നൽകുന്നുണ്ട്.ടെക്നോപാർക്കിൽ ഓഫീസ് തുടങ്ങുന്നതിലൂടെ കേരളത്തിലെ ശക്തമായ ഐടി ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനൊപ്പം നവീകരണത്തിനും വളർച്ചയ്ക്കുമുള്ള പ്രതിബദ്ധത കമ്പനി ഉറപ്പിക്കുകയും ചെയ്യുന്നുവെന്ന് ഇവാലോജിക്കൽ ഡയറക്ടർ നിതിൻ പി ജോൺ പറഞ്ഞു. ഈ സംരംഭം നൂതനത്വത്തിൻറെയും മികവിൻറെയും സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള കമ്പനിയുടെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതാണ്. സമീപഭാവിയിൽ 50 ഓളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇവാലോജിക്കൽ ലക്ഷ്യമിടുന്നു. ലോകമെമ്പാടുമുള്ള ഉപഭോക്താക്കൾക്ക് മൂല്യവത്തായ സേവനം എത്തിക്കുന്നതിലും സാങ്കേതികവിദ്യയിലൂടെ നല്ല മാറ്റങ്ങൾ വരുത്തുന്നതിലും കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

ബിൽഡിംഗ് വെബ്സൈറ്റുകൾ, മൊബൈൽ ആപ്പുകൾ, ഐടി ഉൽപ്പന്നങ്ങൾ, എൻറർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇആർപി) സൊല്യൂഷനുകൾ എന്നിവയുൾപ്പെടെ വിവിധ ഐടി ഡൊമെയ്നുകളിലെ സേവനങ്ങളും ഉൽപ്പന്നങ്ങളുമായി ആഗോള വിപണിയിൽ ഇവാലോജിക്കലിന് ശക്തമായ സാന്നിധ്യമുണ്ട്.

# മൗലവി വധക്കേസിൽ പ്രതികളെ വിട്ടയക്കാൻ ഇടയായത് സിപിഎം ബിജെപി ഇടപാട് മൂലം: എംഎം ഹസൻ

തിരുവനന്തപുരം : ബിജെപിയും സിപിഎമ്മും തമ്മിൽ നിലനിൽക്കുന്ന രഹസ്യ ബാന്ധവത്തിൽ സംഘപരിവാറുമായി തെരഞ്ഞെടുപ്പിൽ ഉണ്ടാക്കിയ ഇടപാടിന്റെ ഭാഗമായാണോ റിയാസ് മൗലവി വധക്കേസിൽ പ്രതികളെ വിട്ടയക്കാൻ ഇടയാക്കിയതെന്ന് കെപിസിസി ആക്ടിംഗ് പ്രസിഡന്റ് എംഎം ഹസൻ. പ്രതികളെ വിട്ടയച്ച കോടതി വിധിയിൽ അന്വേഷണം നിലവാരമില്ലാത്തതും ഏകപക്ഷീയവുമാണെന്ന് രൂക്ഷമായ വിമർശനം കോടതി നടത്തിയ സാഹചര്യത്തിൽ പോലീസിനും പ്രോസിക്യൂഷനും ഉണ്ടായ ഗുരുതരമായ വീഴ്ചയെക്കുറിച്ച് ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി പ്രതികരിക്കണം. പൗരത്വ നിയമത്തിന്റെ പേരിൽ മോദി ഗവൺമെന്റ് മുസ്ലിങ്ങളെ രണ്ടാംതരം പൗരന്മാരായി കാണുന്നതിനെതിരേ മുഖ്യമന്ത്രി തിരഞ്ഞെടുപ്പ് പ്രചരണ യോഗങ്ങളിൽ നാടുനീളെ കള്ളക്കണ്ണീരൊഴുക്കി നടക്കുമ്പോൾ ഒരു മുസ്ലിം മതപണ്ഡിതന്റെ ക്രൂരമായ കൊലപാതകത്തിൽ ആർഎസ്എസുകാരായ പ്രതികളെ വിട്ടയച്ചതിൽ പോലീസിനും പ്രോസിക്യൂഷനും ഉണ്ടായ ഗുരുതരമായ വീഴ്ചകളെക്കുറിച്ചാണ് മുഖ്യമന്ത്രിയുടെ പ്രതികരണം താൻ ആവശ്യപ്പെടുന്നതെന്ന് ഹസ്സൻ പറഞ്ഞു. കൊലപാതകികൾക്ക് ആർഎസ്എസുമായി ബന്ധമുണ്ടെന്ന് തെളിയിക്കാൻ ആയിട്ടില്ലെന്നും മുസ്ലിം സമുദായത്തോട് ശത്രുത ഉണ്ടെന്നുമാണ് പ്രോസിക്യൂഷന്റെ വാദം. ഇത് തെളിയിക്കാൻ പോലീസിന് സാധിക്കാത്തതിനെയാണ് കോടതി രൂക്ഷമായി വിമർശിച്ചത്. മൗലവിയുടെ മുറിയിൽനിന്നും കണ്ടെടുത്ത ഫോണോ, മെമ്മറി കാർഡോ പോലീസ് പരിശോധിച്ചില്ലെന്ന് കോടതി വിധിയിൽ കുറ്റപ്പെടുത്തിയിട്ടുണ്ടെന്നും ഹസൻ പറഞ്ഞു.

# സ്കോൾ കേരള: ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സിന്റെ ആദ്യ ബാച്ച് മെയ് മാസത്തിൽ

തിരുവനന്തപുരം : സ്കോൾ കേരള ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആൻഡ് സ്പോർട്സ് യോഗ കോഴ്സിന്റെ ആദ്യ ബാച്ചിന്റെ പൊതു പരീക്ഷ 2024 മെയ് 11ന് ആരംഭിക്കും. തിയറി പരീക്ഷ 2024 മെയ് 11, 12, 19 തീയതികളിലും, പ്രായോഗിക പരീക്ഷ 2024 മെയ് 07, 09, 14, 17, 21, 24, 26 തീയതികളിലും, അതാത് പഠന കേന്ദ്രങ്ങളിൽ വച്ച് നടത്തും.

പരീക്ഷാ ഫീസ് പിഴ കൂടാതെ അടയ്ക്കേണ്ട തീയതി ഏപ്രിൽ 1 മുതൽ 11 വരെയും 100 രൂപ പിഴയോടെ മെയ് 19 വരെയുമാണ്. സ്കോൾ കേരള വെബ്സൈറ്റ് മുഖേന ഓൺലൈനായോ, വെബ്സൈറ്റിൽ നിന്നും ജനറേറ്റ് ചെയ്തെടുക്കുന്ന പ്രത്യേക ചെലാനിൽ കേരളത്തിലെ ഏതെങ്കിലും പോസ്റ്റ്ഓഫീസ് മുഖേന ഓഫ്ലൈനായോ ഫീസ് ഒടുക്കാവുന്നതാണ്. 1200 രൂപയാണ് പരീക്ഷാ ഫീസ്. ഫീസ് ഒടുക്കാനായി സ്കോൾ കേരളയുടെ വെബ്സൈറ്റിൽ, 'ഫീഴമ ഋഃമാ എലല ജമ്യാലിഭ' എന്ന ലിങ്ക് വഴി വിദ്യാർഥികൾ ആപ്ലിക്കേഷൻ നമ്പർ, ബാച്ച് എന്നിവ നൽകി പേയ്മെന്റ് മോഡ് തെരഞ്ഞെടുത്ത് തുക ഒടുക്കാവുന്നതാണ്.

സ്കോൾ കേരള വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത അപേക്ഷാഫാറം പൂരിപ്പിച്ച്, ഫീസ് ഒടുക്കിയ ഓൺലൈൻ രസീത്/ അസൽ പോസ്റ്റ് ഓഫീസ് ചെലാൻ, സ്കോൾ കേരള അനുവദിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം ബന്ധപ്പെട്ട പഠന കേന്ദ്രം പ്രിൻസിപ്പൾമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇന്റേണൽ പരീക്ഷയ്ക്ക് 40 ശതമാനം മാർക്കും സമ്പർക്ക ക്ലാസിൽ പങ്കെടുത്ത 80 ശതമാനം ഹാജരുമാണ് പരീക്ഷ എഴുതാനുള്ള യോഗ്യത.

വിശദാംശങ്ങൾ സ്കോൾ കേരള വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആൻഡ് സ്പോർട്സ് യോഗ പരീക്ഷാ വിജ്ഞാപനത്തിൽ. കൂടുതൽ വിവരങ്ങൾക്ക്: 0471 2342950, 2432271, 2342369 എന്ന നമ്പറിൽ ബന്ധപ്പെടാം.

# സിബിഐ അന്വേഷണം അട്ടിമറിക്കാൻ ശ്രമം; ക്ലിഫ്ഹൗസിനു മുന്നിൽ സമരം നടത്തുമെന്ന് സിദ്ധാർഥൻെറ അച്ഛൻ

തിരുവനന്തപുരം: ക്ലിഫ് ഹൗസിനു മുന്നിൽ സമരം നടത്തുമെന്ന് പൂക്കോട്ട് വെറ്റിനറി സർവകലാശാലയിൽ മരിച്ച സിദ്ധാർഥൻറെ അച്ഛൻ ജയപ്രകാശ്.

സിബിഐ അന്വേഷണം അട്ടിമറിക്കാൻ കേരള സർക്കാർ ശ്രമിച്ചുവെന്നും പോലീസ് അന്വേഷണം അട്ടിമറിച്ചുവെന്നും സിദ്ധാർഥനെ ചതിച്ച പെൺകുട്ടികളെ അറസ്റ്റ് ചെയ്തില്ലെന്നും ജയപ്രകാശ് ആരോപിച്ചു.

എം. എം. മണി സംരക്ഷിക്കുന്ന അക്ഷയെ തുറന്നു വിടണം. ക്ലിഫ് ഹൗസിന് മുന്നിലെ സമരവുമായി മുന്നോട്ടു പോകും. 20 ദിവസമായി കയറിഇറങ്ങിയിട്ടും കിട്ടാത്ത സിബിഐ പേപ്പർ ഒരു ദിവസം കൊണ്ട് തട്ടി കൂട്ടി. വീഴ്ച വരുത്തിയത് ആഭ്യന്തര സെക്രട്ടറിയാണ്. നടപടി താഴെ തട്ടിൽ മാത്രം ഒതുങ്ങുകയാണ്. മുഖ്യമന്ത്രിക്കും ഇതിൽ ഉത്തരവാദിത്വമുണ്ടെന്നും അദ്ദേഹം ആരോപിച്ചു.

എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി പി. എം. ആർഷോ അവിടെ വരാറുണ്ടായിരുന്നെന്ന് മകൻ പറഞ്ഞ് അറിയാമെന്ന് ജയപ്രകാശ് പറഞ്ഞു. രാവിലെയും വൈകിട്ടും എൻറെ മകനെ വിളിച്ചുവരുത്തി ഒപ്പിടുവിക്കുമ്പോൾ ആർഷോ ഇതെല്ലാം കണ്ട് രസിക്കുകയായിരുന്നോ എന്ന് ജയപ്രകാശ് ചോദിച്ചു.

എട്ട് മാസം കൊണ്ട് മകൻ ഇതെല്ലാം അനുഭവിക്കുകയാണ്. ശരീരം മുറിയാതെ ചതവുണ്ടാക്കാനുള്ള നക്സലുകൾക്ക് സമാനമായ ട്രെയിനിംഗാണ് അവർക്കെല്ലാവർക്കും കിട്ടിയിരിക്കുന്നതെന്നും ജയപ്രകാശ് ആഞ്ഞടിച്ചു.

# തീയതി നീട്ടി

തിരുവനന്തപുരം : കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഗുണഭോക്താക്കൾക്ക് 2024 ലേക്ക് തുടർന്ന് പെൻഷൻ ലഭിക്കുന്നതിനായി ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 30 വരെ നീട്ടിയതായി വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അറിയിച്ചു.

# നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം

തിരുവനന്തപുരം : നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ എട്ടാം ക്ലാസ് പ്രവേശനത്തിന് www.polyadmission.org/ths എന്ന ലിങ്ക് വഴി ഏപ്രിൽ 3 വരെ ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 7907788350, 9037183080, 9400006460.

# മാധ്യമപ്രവർത്തകർക്ക് പോസ്റ്റൽ വോട്ട് സൗകര്യം വിനിയോഗിക്കാം

തിരുവനന്തപുരം : ലോക്സഭാ തിരഞ്ഞെടുപ്പ് ദിവസം ജോലിചെയ്യുന്ന പിആർഡി അക്രഡിറ്റേഷനുള്ള മാധ്യമപ്രവർത്തകർക്ക് പോസ്റ്റൽ വോട്ട് മുഖാന്തരം വോട്ടവകാശം വിനിയോഗിക്കാൻ ആകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു.

അവശ്യ സർവീസ് വിഭാഗത്തിൽപ്പെടുന്നവർ പോസ്റ്റൽ വോട്ട് ചെയ്യുന്ന രീതിയിൽ തന്നെയാണ് മാധ്യമപ്രവർത്തകർക്കും പോസ്റ്റൽ വോട്ട് ചെയ്യാനാവുക. ഇത് സംബന്ധിച്ച് പിആർഡി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പോലീസ്, ഫയർഫോഴ്സ്, ജയിൽ, എക്സൈസ്, മിൽമ, ഇലക്ട്രിസിറ്റി, വാട്ടർ അതോറിറ്റി, കെഎസ്ആർടിസി, ട്രഷറി, ഹെൽത്ത് സർവീസ്, വനംവകുപ്പ് ഉദ്യോഗസ്ഥർ, ഓൾ ഇന്ത്യ റേഡിയോ, ദൂരദർശൻ തുടങ്ങിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, മാധ്യമപ്രവർത്തകർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്നീ വിഭാഗങ്ങളെയാണ് സംസ്ഥാനത്ത് അവശ്യ സർവീസായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ലക്കാട് റവന്യൂ ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും (RDO Court) 5, 11 തീയതികളിൽ പെരിന്തൽമണ്ണ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 19ാം തീയതി മഞ്ചേരി ഇന്ദിരാഗാന്ധി ബസ് ടെർമിനൽ ബിൽഡിംഗിലെ ഒന്നാം നിലയിലെ കോടതി ഹാളിലും തൊഴിൽ തർക്കം, ഇൻഷുറൻസ്, എംപ്ലോയീസ് കോമ്പൻസേഷൻ എന്നീ കേസുകൾ വിചാരണ ചെയ്യുന്നു.

### സൺറൈസേഴ്സിനെ എറിഞ്ഞ് ഒതുക്കി; ഗുജറാത്തിന് അനായാസ വിജയം

അഹമ്മദാബാദ്: ഐപിഎല്ലിൽ സൺറൈസേഴ്സ് ഹൈദരബാദിനെതിരായ മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസന് വിജയം. അഹമ്മദാബാദ് നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഏഴ് വിക്കറ്റിനാണ് ഗുജറാത്ത് വിജയം നേടിയത്.

സ്കോർ: സൺറൈസേഴ്സ് 162/8,ഗുജറാത്ത് 168/3(19.1). ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഹൈദരബാദിന് 162 റൺസ് മാത്രമാണ് നേടാനായത്. മൂന്ന് വിക്കറ്റ് നേടിയ മോഹിത് ശർമയുടെ പ്രകടനമാണ് ഹൈദരബാദിനെ ചെറിയ സ്കോറിൽ ഒതുക്കാൻ സഹായിച്ചത്.

# കാലിക്കറ്റ് സർവകലാശാലയിൽ ഇൻറേണൽ മാർക്കിൽ ക്രമക്കേട്; ഓഡിറ്റ് വിഭാഗത്തിൻെറ കണ്ടെത്തൽ

കോഴിക്കോട്: കാലിക്കറ്റ് സർവകലാശാലയിൽ ഫലപ്രഖ്യാപനത്തിന് ശേഷം നിയമവിരുദ്ധമായി ഇൻറേണൽ മാർക്ക് തിരുത്തിയതായി കണ്ടെത്തൽ. സംസ്ഥാന ഓഡിറ്റ് വിഭാഗത്തിൻറേതാണ് കണ്ടെത്തൽ. 43 പേരുടെ ഇൻറേണൽ മാർക്കാണ് തിരുത്തിയതായി കണ്ടെത്തിയത്. സർവകലാശാലയുടെ ഹാൻറ് ബുക്കിൽ നിർദേശിച്ചിട്ടുള്ള ചട്ടങ്ങളുടെ ലംഘനമാണിത്. 2020 2021 അധ്യയന വർഷത്തെ സിൻറിക്കേറ്റ് പരീക്ഷാ സ്റ്റാൻറിംഗ് കമ്മറ്റിയുടെ മിനുട്സുൾപ്പെടെ പരിശോധിച്ചതിൽ നിന്നാണ് ക്രമക്കേട് കണ്ടെത്തിയത്. 202021 അധ്യയന വർഷം 200 വിദ്യാർഥികൾക്ക് ചട്ടവിരുദ്ധമായി ഇൻറേണൽ മാർക്ക് പരിഷ്കരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നേരത്തെ സർവകലാശാലയിൽ നിന്ന് ഉത്തരക്കടലാസ് നഷ്ടപ്പെട്ടിരുന്നു. ഈ സംഭവത്തിനുപിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും റിപ്പോർട്ടുണ്ട്. സർവകലാശാലാ ചട്ടങ്ങളുടെ ലംഘനമാണ് നടന്നതെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

# ഡെങ്കിപ്പനി: ജാഗ്രതാ നിർദേശവുമായി ആരോഗ്യ വകുപ്പ്

തിരുവനന്തപുരം: ഇടവിട്ടുള്ള മഴ കാരണം ഡെങ്കിപ്പനി വ്യാപിക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ്. പൊതുജനങ്ങളും സ്ഥാപനങ്ങളും ശ്രദ്ധിക്കണം. ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കണം.

കൊതുകിന്റെ ഉറവിട നശീകരണത്തിന് പ്രാധാന്യം നൽകുക, വീടിനകത്തും പുറത്തും വെള്ളം കെട്ടി നിൽക്കാതെ നോക്കുക, കൊതുകുകടി ഏൽക്കാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കുക, വീടിന്റെ പരിസരം വൃത്തിയായി സൂക്ഷിക്കുക, എലിപ്പനി പ്രതിരോധത്തിനായി മണ്ണുമായും മലിന ജലവുമായും ഇടപെടുന്നവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കുക തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ആരോഗ്യവകുപ്പ് നിർദേശിക്കുന്നു. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് നിർദേശം നൽകി.

കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ബാധിക്കുന്ന രോഗമാണ് ഡെങ്കിപ്പനി. കൊതുകിൽ നിന്നും സംരക്ഷണം നേടുക എന്നതാണ് ഡെങ്കിപ്പനിയുടെ പ്രധാന സംരക്ഷണ മാർഗം. വേനൽക്കാലമായതിനാൽ ജലജന്യ രോഗങ്ങൾക്കെതിരെയും ചിക്കൻ പോക്സ്, മലേറിയ, മറ്റ് പകർച്ച പനികൾ എന്നിവയ്ക്കെതിരെയും ജാഗ്രത പാലിക്കണം. വേനൽക്കാലത്ത് ശുദ്ധജലത്തിന്റെ ലഭ്യത കുറവായതിനാൽ ജലജന്യരോഗങ്ങളായ വയറിളക്കം, ഹെപ്പറ്റൈറ്റീസ്എ, ഹെപ്പറ്റൈറ്റിസ് ഇ, കോളറ, ടൈഫോയിഡ്, ഷിഗല്ല തുടങ്ങിയ അസുഖങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. നീണ്ടുനിൽക്കുന്ന പനി പകർച്ചപ്പനിയാകാൻ സാധ്യതയുള്ളതിനാൽ എത്രയും വേഗം ചികിത്സ തേടണം. ഉയർന്ന ചൂട് നിർജലീകരണമുണ്ടാകാൻ കാരണമാകുമെന്നതിനാൽ ദാഹം തോന്നിയില്ലെങ്കിലും വെള്ളം കുടിക്കണമെന്ന് ആരോഗ്യവകുപ്പ് നിർദേശിക്കുന്നു.

# സൗദി ജയിലിൽ കഴിയുന്ന യുവാവിന്റെ മോചനത്തിന് ബോബി ചെമ്മണ്ണൂരിന്റെ യാചനാ ദൗത്യം

കൊച്ചി: സൗദിയിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന അബ്ദുൾ റഹീമിന്റെ ജീവൻ രക്ഷിക്കാനാവശ്യമായ 34 കോടി രൂപ സമാഹരിക്കാൻ ബോബി ചെമ്മണ്ണൂർ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ യാചന നടത്തും. ദുബായിയിൽ അറബിയുടെ ഭിന്നശേഷിക്കാരനായ മകനെ പരിചരിക്കുന്നതായിരുന്നു റഹീമിന്റെ ജോലി. കുട്ടിയുടെ കഴുത്തിൽ ഭക്ഷണവും വെള്ളവും നൽകാൻ ഘടിപ്പിച്ചിരുന്ന ഉപകരണത്തിൽ കൈ അറിയാതെ തട്ടിയതിനെ തുടർന്ന് ട്യൂബ് സ്ഥാനം മാറിപോവുകയും തുടർന്ന് പതിനഞ്ചുകാരനായ കുട്ടി ബോധരഹിതനാവുകയും പിന്നീട് മരണപ്പെടുകയുമായിരുന്നു. കുട്ടിയുടെ മരണത്തിനിടയാക്കിയ ഈ സംഭവമാണ് റഹീമിന് വധശിക്ഷ ലഭിക്കാൻ കാരണമായത്. കോഴിക്കോട് ഫറോക്കിൽ ഓട്ടോ ഡ്രൈവറായിരുന്ന റഹീം മെച്ചപ്പെട്ട വരുമാനം തേടിയാണ് സൗദിയിലെത്തിയത്. 18 വർഷമായി ജയിലിൽ കഴിയുന്ന റഹീമിന്റെ വധശിക്ഷ 34 കോടി രൂപ മോചനദ്രവ്യമെന്ന ഉപാധിയോടെ ഇളവ് ചെയ്യാൻ കുട്ടിയുടെ കുടുംബം തയ്യാറായിട്ടുണ്ട്. ഏപ്രിൽ 16 ന് മുമ്പായി തുക നൽകണം.

# പെരുമാറ്റച്ചട്ടലംഘന പരാതി: ആൻറോയുടെ പേരും ചിത്രങ്ങളും മറയ്ക്കണമെന്ന് ജില്ലാവരണാധികാരി

പത്തനംതിട്ട: തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടലംഘനം നടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ടയിലെ യുഡിഎഫ് സ്ഥാനാർഥി ആൻറോ ആൻറണിയുടെ വികസന ഫണ്ട് ഉപയോഗിച്ച് നിർമിച്ച ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളിലെ പേരും ചിത്രങ്ങളും മറയ്ക്കാൻ നിർദേശം. ജില്ലാ വരണാധികാരിയായ കളക്ടറാണ് ഇതുമായി ബന്ധപ്പെട്ട നിർദേശം തെരഞ്ഞെടുപ്പ് സ്ക്വാഡിന് നല്കിയത്. തെരഞ്ഞെടുപ്പ് കഴിയുംവരെ പത്തനംതിട്ട മണ്ഡലത്തിലെ 63 ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളിലെയും ഇരുപത് 4ജി ടവറുകളിലെയും ആൻറോ ആൻറണിയുടെ പേര് മറച്ചുവയ്ക്കാൻ നടപടി വേണമെന്നാവശ്യപ്പെട്ട് എൽഡിഎഫാണ് പരാതി നല്കിയത്. പേര് മായ്ക്കാൻ എന്തെങ്കിലും തടസമുണ്ടെങ്കിൽ എൽഡിഎഫ് സ്ഥാനാർതി തോമസ് ഐസക്കിൻറെ പേരു കൂടി പ്രദർശിപ്പിക്കാൻ അനുമതി നല്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇത് കളക്ടർ തള്ളി. നേരത്തെ, തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനത്തെ തുടർന്ന് തോമസ് ഐസക്കിനു വരണാധികാരി താക്കീത് നൽകിയിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പ്രത്യാശയുടെ ഈസ്റ്റർ ആഘോഷിച്ച് വിശ്വാസികൾ

ആലപ്പുഴ: ജില്ലയിലെ വിവിധ ദേവാലയങ്ങളിൽ പാതിരാകുർബാനയും പ്രത്യേക ചടങ്ങുകളും നടന്നു. മൗണ്ട് കാർമൽ കത്തീഡ്രൽ, പഴവങ്ങാടി മാർ സ്ലീവാ, തുമ്പോളി പള്ളി, പൂങ്കാവ് പള്ളി, ചമ്പക്കുളം ബസിലിക്ക പള്ളി, എടത്വ പള്ളി, അർത്തുങ്കൽ പള്ളി, പള്ളിപ്പുറം പള്ളി, തങ്കി പള്ളി തുടങ്ങി ജില്ലയുടെ അങ്ങോളമിങ്ങോളമുള്ള ദേവാലയങ്ങളിലായി ആയിരക്കണക്കിന് വിശ്വാസികൾ തിരുക്കർമങ്ങളിൽ പങ്കെടുത്തു.

ദേവാലയങ്ങളിൽ പ്രത്യേക പ്രാർഥനയും ആഘോഷങ്ങളും നടന്നു. 50 ദിവസത്തെ നോമ്പാചരണത്തിൻറെ അവസാനം കൂടിയാണ് ഈസ്റ്റർ ദിവസമായ ഇന്ന്. ശനിയാഴ്ച രാത്രിയും ഇന്നു പുലർച്ചെയും ദേവാലയങ്ങളിൽ പ്രത്യേക പ്രാർഥനകളാണ് നടന്നത്.

ഈസ്റ്ററിനു മുന്നോടിയായി ദുഃഖവെള്ളി ആചരിച്ച് വിവിധ ദേവാലയങ്ങളിൽ നഗരികാണിക്കലും കുരിശിൻറെ വഴിയും നടന്നിരുന്നു. തങ്കി പള്ളിയിൽ വർഷങ്ങൾക്കു ശേഷം അദ്ഭുത തിരുസ്വരൂപം പുറത്തിറക്കിയ പ്രത്യേക നഗരികാണിക്കൽ ശുശ്രൂഷ നടന്നു. കുട്ടനാട്ടിലെ വിവിധ ദേവാലയങ്ങളിലും വിശ്വാസികൾ ഭക്തിപൂർവം വിശുദ്ധ വാരാചരണ ചടങ്ങുകളിൽ സംബന്ധിച്ചു.

ആലപ്പുഴ പഴവങ്ങാടി മാർ സ്ലീവാ ഫൊറോന പള്ളിയുടെയും മൗണ്ട് കാർമൽ കത്തീഡ്രൽ ദേവാലയത്തിൻറെയും നേതൃത്വത്തിൽ ആയിരക്കണക്കിന് വിശ്വാസികൾ അണിനിരന്ന കുരിശിൻറെ വഴിയും നഗരികാണിക്കൽ ശുശ്രൂഷയും നടന്നു. പൂന്തോപ്പ് പള്ളിയിലെ ദീപക്കാഴ്ച ചടങ്ങിലും തുമ്പോളി, തത്തംപള്ളി തുടങ്ങിയ ദേവാലയങ്ങളിൽ നടന്ന തിരുക്കർമങ്ങളിലും ജില്ലയിലെ മറ്റു ദേവാലയങ്ങളിൽ നടന്ന ചടങ്ങുകളിലും വിശ്വാസികൾ പങ്കെടുത്തു.

ചെങ്ങന്നൂർ: ചെങ്ങന്നൂർ മേഖലയിലെ ക്രൈസ്തവ ദേവാലയങ്ങളിൽ രാവിലെ ആറുമുതൽ തന്നെ പ്രത്യേക ദുഃഖവെള്ളി ശുശ്രൂഷകളും പ്രാർഥനകളും ആരംഭിച്ചു. ദേവാലയങ്ങളിൽ പതിവു പ്രാർഥനകൾക്കും ശുശ്രൂഷകൾക്കും പുറമെ ക്രിസ്തുവിൻറെ കാൽവരി യാത്രയെ അനുസ്മരിക്കുന്ന കുരിശിൻറെ വഴിയും ദുഃഖവെള്ളി ആചരണത്തിൻറെ ഭാഗമായി നടന്നു.

ചെങ്ങന്നൂർ പേരിശേരി സെൻറ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്ന ചടങ്ങുകൾക്ക് വികാരി ഫാ. കോരുത് ചെറിയാൻ, അസി. വികാരി ഫാ. രഞ്ജൻ ടി. ജോൺ, സെൻറ് തോമസ് മലങ്കര കത്തോലിക്കാ പള്ളിയിലെ ശുശ്രൂഷകൾക്കു വികാരി ഫാ. സാമുവേൽ പനച്ചിവിളയിൽ, മർത്ത് മറിയം ഫൊറോന പള്ളിയിലെ ശുശ്രൂഷകൾക്ക് വികാരി ഫാ. ഡോ. ജോസഫ് പുത്തൻപറമ്പിൽ, ചെറിയനാട് ലൂർദ് മാതാ കത്തോലിക്ക പള്ളിയിലെ ശുശ്രൂഷകൾക്ക് പുനലൂർ രൂപത യുവജന ഡയറക്ടർ ഫാ. ലോറൻസ് സെബാസ്റ്റ്യൻ ചെറിയനാട് സെൻറ് ജൂഡ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിലെ ശുശ്രൂഷകൾക്ക് മാവേലിക്കര ഭദ്രാസന വികാരി ജനറൽ മോൺ. സ്റ്റീഫൻ കുളത്തുംകരോട്ട് എന്നിവർ നേതൃത്വം നൽകി. ചെങ്ങന്നൂർ സെൻറ് തോമസ് മലങ്കര കത്തോലിക്കാ പള്ളി, ചെങ്ങന്നൂർ മർത്ത് മറിയം ഫൊറോന പള്ളി, ചെറിയനാട് ലൂർദ് മാതാ റോമൻ കത്തോലിക്ക പള്ളി, ചെറിയനാട് സെൻറ് ജൂഡ് മലങ്കര സുറിയാനി കത്തോലിക്ക പള്ളി എന്നിവയുടെ നേതൃത്വത്തിലാണ് കുരിശിൻറെ വഴി നടന്നു.

## ആലപ്പുഴയിൽ വീണ്ടും കടൽ ഉൾവലിഞ്ഞു; 25 മീറ്ററോളം ദൂരം ചെളിയടിഞ്ഞു

ആലപ്പുഴ: പുറക്കാട്ട് വീണ്ടും കടൽ ഉൾവലിഞ്ഞു. തീരത്ത് നിന്ന് 25 മീറ്ററോളം പടിഞ്ഞാറ് ഭാഗം വരെ ചെളിയടിഞ്ഞു. രാവിലെ ഒമ്പതോടെയാണ് സംഭവം. പത്ത് ദിവസം മുൻപ് ഉൾവലിഞ്ഞ സ്ഥലത്തിന് സമീപമാണ് ഇന്നും പ്രതിഭാസമുണ്ടായിരിക്കുന്നത്. 100 മീറ്ററോളം ഭാഗത്താണ് ചെളിത്തട്ട്.

രണ്ടാഴ്ച മുൻപും സമാനമായ സംഭവം പ്രദേശത്ത് ഉണ്ടായിരുന്നു. തീരത്ത് രണ്ടു വശങ്ങളിലുമായി ഒരു കിലോമീറ്റർ ഭാഗത്താണ് കടൽ ഉൾവലിഞ്ഞത്. അന്ന് 300 മീറ്ററോളം ദൂരമാണ് ചെളിയടിഞ്ഞത്. ഏതാനും മണിക്കൂറുകൾക്ക് ശേഷം കടൽ പൂർവസ്ഥിതിയിലേക്ക് മാറുകയും ചെയ്തു.

മത്സ്യബന്ധനത്തിന് പോയ വള്ളങ്ങളിൽ ഭൂരിഭാഗവും നേരത്തെ തന്നെ തിരിച്ചെത്തിയിരുന്നു. കടൽ ഉൾവലിഞ്ഞ് ചെളി രൂപം കൊണ്ടതിനാൽ ചില വള്ളങ്ങൾ തോട്ടപ്പള്ളി തീരത്ത് അടുത്തു.

## പെൻഷൻ മുടങ്ങി; റോഡിൽ കസേരയിട്ട് സമരം ചെയ്ത പൊന്നമ്മ അന്തരിച്ചു

ഇടുക്കി: പെൻഷൻ മുടങ്ങിയതിനെ തുടർന്ന് റോഡിൽ കസേരയിട്ട് സമരം ചെയ്ത പൊന്നമ്മ(90) അന്തരിച്ചു. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ഞായറാഴ്ച ഉച്ചയ്ക്ക് രണ്ടിനായിരുന്നു അന്ത്യം.

അഞ്ച് മാസമായി പെൻഷൻ മുടങ്ങിയതിനെ തുടർന്ന് മരുന്നും വീട്ടുസാധനങ്ങളും വാങ്ങാൻ കഴിയാതെ വന്നതോടെയാണ് പൊന്നമ്മ ഇടുക്കി വണ്ടിപ്പെരിയാറിൽ റോഡിൽ കസേരയിട്ട് പ്രതിഷേധിച്ചത്. കഴിഞ്ഞ ഫെബ്രുവരി എട്ടിനായിരുന്നു പൊന്നമ്മ സമരം ചെയ്തത്.

## റിയാസ് മൗലവി കേസിൽ അപ്പീൽ പോകും: മന്ത്രി പി. രാജീവ്

കൊച്ചി: റിയാസ് മൗലവി കേസിൽ സർക്കാർ അപ്പീൽ പോകുമെന്ന് മന്ത്രി പി. രാജീവ്. കോടതിയിൽ നിന്നുണ്ടായ വിധി അസാധാരണങ്ങളിൽ അസാധാരണമെന്നും കേസിൽ കുറ്റമറ്റ രീതിയിൽ അന്വേഷണം നടന്നുവെന്നും മന്ത്രി പറഞ്ഞു. അതേസമയം റിയാസ് മൗലവി വധക്കേസിൽ പ്രതിപക്ഷം ആരോപണം കടുപ്പിക്കുന്നതിനിടെയാണ് തെരഞ്ഞെടുപ്പ് വേളയിൽ വേഗത്തിൽ അപ്പീൽ നൽകാനുള്ള നീക്കം സർക്കാർ നടത്തുന്നത്. വേഗത്തിൽ അപ്പീൽ നൽകാൻ എജിയെ ചുമതലപ്പെടുത്തി.

റിയാസ് മൗലവി വധക്കേസ് അന്വേഷണം നിലവാരമില്ലാത്തതാണെന്നും പ്രോസിക്യൂഷൻ പരാജയപ്പെട്ടന്നും ഇന്നലത്തെ വിധിന്യായത്തിൽ കാസർഗോഡ് പ്രിൻസിപ്പൽ സെഷൻസ് കോടതി കോടതി ചൂണ്ടിക്കാട്ടിയിരുന്നു.

## മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ യുവതിയെ കുത്തിക്കൊന്നു; പ്രതി പിടിയിൽ

മൂവാറ്റുപുഴ: മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ യുവതിയെ കുത്തിക്കൊന്നു. സ്ത്രീകളുടെയും കുട്ടികളുടെയും വാർഡിൽ നടന്ന സംഭവത്തിൽ മൂവാറ്റുപുഴ നിരപ്പ് സ്വദേശിനി സിംന ഷക്കീർ ആണ് കൊല്ലപ്പട്ടത്.

സംഭവത്തിൽ പുന്നമറ്റം സ്വദേശി ഷാഹുൽ അലിയെ പോലീസ് പിടികൂടി. ഇന്ന് വൈകുന്നേരം മൂന്നിന് സിംന പിതാവിനെ കാണാൻ ആശുപത്രിയിൽ എത്തിയപ്പോഴാണ് സംഭവം. പ്രതി കൈയിൽ കരുതിയിരുന്ന കത്തി ഉപയോഗിച്ച് സിംനയുടെ കഴുത്തിലും പുറത്തും കുത്തുകയായിരുന്നു. ആക്രമണത്തിനശേഷം ബൈക്കിൽ രക്ഷപ്പെട്ട പ്രതിയെ പിന്തുടർന്ന് പോലീസ് പിടികൂടുകയായിരുന്നു. ഇരുവരും അയൽവാസികളാണെന്ന് പോലീസ് പറഞ്ഞു. കൊലപാതകത്തിലേക്ക് നയിച്ച കാരണം സംബന്ധിച്ച് പോലീസ് അന്വേഷണം ആരംഭിച്ചു. പ്രതിയെ കസ്റ്റഡിയിലെടുത്ത മൂവാറ്റുപുഴ പോലീസ് ചോദ്യം ചെയ്ത് വരികയാണ്. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ജനറൽ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

# ഇന്ത്യാസഖ്യ റാലി: പ്രതിഷേധക്കടലായി രാംലീല

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിൻറെ അറസ്റ്റിൽ പ്രതിഷേധിച്ച് പ്രതിപക്ഷ പാർട്ടികളുടെ മുന്നണിയായ 'ഇന്ത്യ' പ്രഖ്യാപിച്ച മഹാറാലി ഡൽഹി രാംലീല മൈതാനിയിൽ ആരംഭിച്ചു. ജനാധിപത്യത്തെ രക്ഷിക്കൂ എന്ന മുദ്രാവാക്യവുമായി നടക്കുന്ന റാലിയിൽ 28 പ്രതിപക്ഷ പാർട്ടികളാണ് പങ്കെടുക്കുന്നത്.

കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, മല്ലികാർജുൻ ഖാർഗെ, സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, ശരദ് പവാർ, ഉദ്ധവ് താക്കറേ, അഖിലേഷ് യാദവ്, തേജസ്വി യാദവ് തുടങ്ങിയവരടക്കം പ്രധാന നേതാക്കളെല്ലാം രാം ലീല മൈതാനിയിലെത്തി.



ഇവർക്കൊപ്പം കേജരിവാളിൻറെ ഭാര്യ സുനിതയും ജാർഖണ്ഡ് മുൻമുഖ്യമന്ത്രി ഹേമന്ത് സോറൻറെ ഭാര്യ കല്പനയും വേദിയിൽ സന്നിഹിതരായി. മദ്യനയ അഴിമതിക്കേസിൽ ജയിലിൽ കഴിയുന്ന കേജരിവാളിൻറെ സന്ദേശം സുനിത വേദിയിൽ വായിച്ചു.

ലോക്സഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കേജരിവാൾ നൽകിയ ആറ് വാഗ്ദാനങ്ങളടങ്ങിയ സന്ദേശമാണ് സുനിത വായിച്ചത്. ഒരു പുതിയ രാഷ്ട്ര നിർമാണത്തിന് എല്ലാവരുടെയും പിന്തുണ തേടുകയാണ്. ജയിലിൽ കഴിയുമ്പോഴും ചിന്ത രാജ്യത്തെക്കുറിച്ചാണ്. ഇന്ത്യ സഖ്യമെന്നത് വെറും വാക്കല്ല, ഹൃദയമാണ്, ആത്മാവാണ്. സ്വേച്ഛാധിപത്യത്തിനെതിരെ പോരാടുക തന്നെ ചെയ്യുമെന്നും കേജരിവാൾ സന്ദേശത്തിൽ വ്യക്തമാക്കി.

കേജരിവാൾ സത്യസന്ധനും ദേശഭക്തനുമാണെന്ന് പറഞ്ഞ സുനിത അദ്ദേഹം രാജിവയ്ക്കേണ്ടായെന്ന് ജനക്കൂട്ടത്തോട് ചോദിച്ചു. വേണ്ടെന്നായിരുന്നു ജനക്കൂട്ടത്തിൻറെ മറുപടി.

കേജരിവാളിന് നീതി വേണമെന്നും ഒരു കാരണവുമില്ലാതെയാണ് അദ്ദേഹത്തെ തടവിലിട്ടിരിക്കുന്നതെന്നും അവർ പറഞ്ഞു. നമ്മുടെ പ്രധാനമന്ത്രി നരേന്ദ്രമോദി എൻറെ ഭർത്താവിനെ ജയിലിലടച്ചു. പ്രധാനമന്ത്രി ചെയ്തത് ശരിയായ കാര്യമാണോ? നിങ്ങളുടെ കേജരിവാൾ ഒരു സിംഹമാണ്. അദ്ദേഹത്തെ അവർക്ക് ഒരുപാട്കാലം ജയിലിൽ പാർപ്പിക്കാൻ കഴിയില്ലെന്നും സുനിത കൂട്ടിച്ചേർത്തു.

## പിറന്നാളാഘോഷത്തിന് വാങ്ങിയ കേക്ക് കഴിച്ച് പത്തുവയസുകാരിക്ക് ദാരുണാന്ത്യം

പട്യാല: പിറന്നാളാഘോഷത്തിന് വാങ്ങിയ കേക്ക് കഴിച്ച് പത്തുവയസുകാരിക്ക് ദാരുണാന്ത്യം. പഞ്ചാബിലെ പട്യാല സ്വദേശിയായ മൻവിയാണ് മരിച്ചത്.

മൻവിയുടെ പിറന്നാളിന് ഓൺലൈനായി കേക്ക് വാങ്ങിയിരുന്നു. കുടുംബത്തോടൊപ്പം പിറന്നാളാഘോഷിച്ചു. കേക്ക് കഴിച്ച എല്ലാവർക്കും രാത്രി 10 ഓടെ അസ്വസ്ഥതകൾ അനുഭവപ്പെട്ടതായി മൻവിയുടെ മുത്തച്ഛൻ ഹർഭൻ ലാൽ പറഞ്ഞു.

മൻവിയുടെ സഹോദരങ്ങൾ ഛർദിച്ചു. തൊണ്ട വരണ്ടെന്നു പറഞ്ഞു മൻവി ഇടയ്ക്കിടെ വെള്ളം ചോദിച്ചു വാങ്ങി. അൽപസമയത്തിനു ശേഷം ഉറങ്ങുകയും ചെയ്തു. പിറ്റേദിവസം ആരോഗ്യനില വഷളായ നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വൈകാതെ അവിടെവച്ച് മരിച്ചു.

ഓൺലൈനിൽ ഓർഡർ ചെയ്ത ചോക്ളേറ്റ് കേക്കിൽ വിഷപദാർഥം അടങ്ങിയിരുന്നുവെന്നും അതാണ് മരണത്തിനു കാരണമായതെന്നും കുടുംബം ആരോപിക്കുന്നു.

കുട്ടിയുടെ കുടുംബത്തിൻറെ പരാതിയിൽ പോലീസ് കേസെടുത്തു. ബേക്കറി ഉടമയെ പ്രതി ചേർത്ത് എഫ്ഐആർ ഫയൽ ചെയ്തിട്ടുണ്ട്. പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും കേക്കിൻറെ സാംപിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്നും പോലീസ് വ്യക്തമാക്കി. പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുമെന്നും പോലീസ് അറിയിച്ചു.

# സർക്കാരുകളെ അട്ടിമറിക്കാൻ മോദി മാച്ച് ഫിക്സിംഗ് നടത്തുന്നു: രാഹുൽ ഗാന്ധി

ന്യൂഡൽഹി: കേന്ദ്രസർക്കാരിനും പ്രധാനമന്ത്രിക്കുമെതിരേ രൂക്ഷവിമർശനവുമായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. പാവപ്പെട്ടവരിൽനിന്ന് ഭരണഘടനയെ തട്ടിയെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചില കോടീശ്വരന്മാരും ചേർന്ന് മാച്ച് ഫിക്സിംഗ് നടത്തുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിൻറെ അറസ്റ്റിൽ പ്രതിഷേധിച്ച് രാംലീല മൈതാനിയിൽ ഇന്ത്യ സഖ്യത്തിൻറെ റാലിയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു രാഹുൽ. ജനാധിപത്യത്തെ രക്ഷിക്കൂ എന്ന മുദ്രാവാക്യവുമായി നടക്കുന്ന റാലിയിൽ 28 പ്രതിപക്ഷ പാർട്ടികളാണ് പങ്കെടുക്കുന്നത്.

പ്രധാന പ്രതിപക്ഷ നേതാക്കളെ ജയിലിൽ അടക്കുന്നു, സർക്കാരിനെ അട്ടിമറിക്കുന്നു. മോദി ഒറ്റയ്ക്കല്ല ഇതൊന്നും ചെയ്യുന്നത്. രാജ്യത്തെ മുതലാളിമാർ കൂടിയാണെന്നും അദ്ദേഹം ആരോപിച്ചു.

രാജ്യത്തെ ഏറ്റവും വലിയ പ്രതിപക്ഷ പാർട്ടിയുടെ ബാങ്ക് അക്കൗണ്ട് മരവിപ്പിച്ച കേന്ദ്രം ഇ. ഡി, സിബിഐ തുടങ്ങിയ ഏജൻസികളെ രാഷ്ട്രീയ നേട്ടത്തിനായി ഉപയോഗിക്കുകയാണെന്നും രാഹുൽ കൂട്ടിച്ചേർത്തു.

സംസ്ഥാനത്തെ തകർത്ത് പ്രതിപക്ഷത്തെ ഇല്ലാതാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഈ തെരഞ്ഞെടുപ്പ് ഹിന്ദുസ്ഥാനെ രക്ഷിക്കാനുള്ളതാണ്. ആരെയെല്ലാം നിശബ്ദമാക്കിയാലും രാജ്യത്തെ ജനങ്ങളുടെ വികാരം മൂടിവയ്ക്കാനാവില്ലെന്നും രാഹുൽ ഗാന്ധി പറഞ്ഞു.

ബിജെപിയുടെ മാച്ച് ഫിക്സിംഗിൻറെ ഭാഗമായാണ് ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറനെയും ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിനെയും അറസ്റ്റ് ചെയ്തത്. ജനാധിപത്യത്തെ സംരക്ഷിക്കാനാണ് ഈ പോരാട്ടം. ജാതി സെൻസസ്, തൊഴിലില്ലായ്മ, വിലക്കയറ്റം, എന്നീ വിഷയങ്ങളെ കുറിച്ചാണ് സംസാരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, പ്രിയങ്ക ഗാന്ധി, മല്ലികാർജുൻ ഖാർഗെ, സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, ശരദ് പവാർ, ഉദ്ധവ് താക്കറേ, അഖിലേഷ് യാദവ്, തേജസ്വി യാദവ് തുടങ്ങിയവരടക്കം പ്രധാന നേതാക്കളെല്ലാം രാം ലീല മൈതാനിയിലെത്തിയിരുന്നു. ഇവർക്കൊപ്പം കേജരിവാളിൻറെ ഭാര്യ സുനിതയും ജാർഖണ്ഡ് മുൻമുഖ്യമന്ത്രി ഹേമന്ത് സോറൻറെ ഭാര്യ കല്പനയും വേദിയിൽ സന്നിഹിതരായി. മദ്യനയ അഴിമതിക്കേസിൽ ജയിലിൽ കഴിയുന്ന കേജരിവാളിൻറെ സന്ദേശം സുനിത വേദിയിൽ വായിച്ചു.

# കേന്ദ്രസർക്കാരിൻറെ വീഴ്ച യുഡിഎഫ് ബോധപൂർവം മറച്ചുവയ്ക്കുന്നു: തോമസ് ചാഴികാടൻ

ഏറ്റുമാനൂർ: നെല്ല് സംഭരിച്ച ഇനത്തിൽ 201718 മുതൽ നൽകേണ്ട 600 കോടി രൂപ നാളിതുവരെയായി കേരളത്തിന് രാഷ്ട്രീയ കാരണങ്ങളാൽ കേന്ദ്രസർക്കാർ നൽകാതിരുന്നതിനാലാണ് നെൽസംഭരണമായി ബന്ധപ്പെട്ട് ചില നെൽ കർഷകർ ബുദ്ധിമുട്ടനുഭവിച്ചതെന്ന സത്യം മറച്ചുവച്ചാണ് യുഡി എഫ് നെൽ കർഷക മേഖലകളിൽ പ്രചാരണം നടത്തുന്നതെന്ന് എൽഡിഎഫ് സ്ഥാനാർഥി തോമസ് ചാഴികാടൻ.

കേന്ദ്രസംസ്ഥാന സർക്കാരുകൾ സഹകരിച്ച് നടപ്പാക്കുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതിയുടെ ഭാഗമാണ് കേരളത്തിലെ നെൽ സംഭരണവും. കേന്ദ്രസർക്കാർ സംസ്ഥാനത്തിനു നൽകേണ്ട വിഹിതം കൃത്യമായി നൽകാതിരിക്കുന്നത് കൊണ്ടാണ് നെല്ല് സംഭരിച്ച ഉടനെ കർഷകർക്കു പണം ലഭിക്കാതിരുന്നതിനു കാരണം. എന്നാൽ, സംസ്ഥാന സർക്കാർ കൃത്യമായി ഇടപെടുകയും ഓണത്തിന് മുമ്പ് ബാങ്ക് വായ്പ അനുവദിപ്പിച്ച് മുഴുവൻ കർഷകർക്കും പണം ലഭ്യമാക്കുകയും ചെയ്തു.റബറിൻറെ താങ്ങുവിലയുടെ കാര്യത്തിലും കേന്ദ്രസർക്കാർ പ്രതികാര മനോഭാവത്തോടെയാണ് നടപടികൾ സ്വീകരിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ റബറിൻറെ ഇറക്കുമതി ചുങ്കം വഴി കേന്ദ്രസർക്കാരിനു ലഭിച്ച 7200 കോടിരൂപയിൽനിന്നു 500 കോടി രൂപ റബർ വില സ്ഥിരതാ ഫണ്ടിലേക്ക് അനുവദിച്ചാൽ പരിഹരിക്കാവുന്ന പ്രതിസന്ധി മാത്രമാണ് കേരളത്തിലെ റബർ കർഷകർ അഭിമുഖീകരിക്കുന്നതെന്നും ചാഴികാടൻ ചൂണ്ടിക്കാട്ടി.കേരള കോൺഗ്രസ് എം ഏറ്റുമാനൂർ നിയോജക മണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ജനറൽ ബോഡി യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രസിഡൻറ് ജോസ് ഇടവഴിക്കലിൻറെ അധ്യക്ഷതയിൽ മാലേത്ത് പ്രതാപചന്ദ്രൻ, ഷെയിൻ ജോസഫ്, ഷീല തോമസ്, എൻ.എ. മാത്യു, തങ്കച്ചൻ പൊന്മാങ്കൽ, ജോർജ് പുല്ലാട്, മനോജ് ജോസ്, ബിറ്റു വൃന്ദാവൻ, ജോഷി ഇലഞ്ഞിയിൽ, സിബി വെട്ടൂർ തുടങ്ങിയവർ പ്രസംഗിച്ചു.

## ലോക്സഭ തെരഞ്ഞെടുപ്പ്: എംസിഎംസി പ്രവർത്തനം മാതൃകാപരമെന്ന് തെരഞ്ഞെടുപ്പ് നിരീക്ഷകൻ

കൊല്ലം :ജില്ലയിൽ മാധ്യമനിരീക്ഷണത്തിനും സർട്ടിഫിക്കേഷനുമായി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ എൻ. ദേവിദാസിൻറെ നേതൃത്വത്തിൽ കളക്ട്രേറ്റിൽ പ്രവർത്തിക്കുന്ന എംസിഎംസി സെല്ലിൻറെ പ്രവർത്തനം മാതൃകാപരമെന്ന് സംവിധാനങ്ങൾ വിലയിരുത്തിയ തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷകൻ ഡോ. എ. വെങ്കിടേഷ് ബാബു. ടി.വി. ചാനലുകൾ, നവമാധ്യമങ്ങൾ, അച്ചടിമാധ്യമങ്ങൾ, റേഡിയോ ഉൾപ്പെടെ സമഗ്രമായി വിലയിരുത്തുന്നത് വഴി ചിലവ് തിട്ടപ്പെടുത്താനുള്ള അവസരമാണ് ലഭിക്കുന്നത്.തെരഞ്ഞെടുപ്പ് ചട്ടങ്ങളുടെ ലംഘനവും പരിശോധിക്കാനാകുന്നു. ഇതോടൊപ്പം സ്ഥാനാർഥികളുടേയും രാഷ്ട്രീയ പാർട്ടികളുടേയും എല്ലാത്തരം പരസ്യങ്ങൾക്കും നിയമാനുസൃത അനുമതിയും നൽകുകയാണ്.ഇതുവഴിയും തെരഞ്ഞെടുപ്പിലെ സുതാര്യത ഉറപ്പാക്കാനാകുന്നു. മുഴുവൻ സമയ നിരീക്ഷണം സെല്ലിൽ നിർവഹിക്കുന്നത് കുറ്റമറ്റ രീതിയിലാണ്. തെരഞ്ഞെടുപ്പ് ദിവസംവരെ കൃത്യമായ പ്രവർത്തനം ഉറപ്പ് വരുത്തുണമെന്ന നിർദേശവും നൽകി.

ജില്ലാ വരണാധികാരികൂടിയായ ജില്ലാ കളക്ടർ എൻ. ദേവിദാസ്, എഡിഎം സി. എസ്. അനിൽ, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ ജേക്കബ് സഞ്ജയ് ജോൺ, എംസിഎംസി മെംബർ സെക്രട്ടറി ഡോ. രമ , ഒബ്സർവർമാരുടെ നോഡൽ ഓഫീസർ ബാബുരാജ്, മീഡിയ നോഡൽ ഓഫീസർ എൽ. ഹേമന്ത് കുമാർ, ഫിനാൻസ് ഓഫീസർ ജി. ആർ. ശ്രീജ, അസിസ്റ്റൻറ് ഇൻഫർമേഷൻ ഓഫീസർ എ. ജി. ആരോമൽ തുടങ്ങിയവർ പങ്കെടുത്തു.

# കുടിവെള്ള വിതരണ പൈപ്പ് നശിപ്പിച്ചതായി പരാതി

കാഞ്ഞാർ: അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന കുടയത്തൂർ പഞ്ചായത്തിലെ കൈപ്പ മേഖലയിൽ കുടിവെള്ളം മുടക്കി. ദുഃഖവെള്ളിയാഴ്ച ദിവസം പുലർച്ചെയാണ് നൂറോളം കുടുംബങ്ങൾക്ക് ഉപകാരപ്രദമായ പുതുതായി കമ്മീഷൻ ചെയ്ത ജില്ലാ പഞ്ചായത്ത് കുടിവെള്ള പദ്ധതിയിൽ ഒരുകൂട്ടം സാമൂഹ്യവിരുദ്ധർ എച്ച്ഡി പൈപ്പ് തകരാറിലാക്കി കുടിവെള്ളം മുടക്കിയത്.

ദീർഘനാളത്തെ ജനങ്ങളുടെ ആവശ്യപ്രകാരമാണ് ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിൽ കൈപ്പ കുടിവെള്ള പദ്ധതി രണ്ടാഴ്ച മുൻപ് ആരംഭിച്ചത്. ഇതിനിടെ പൈപ്പ് നശിപ്പിച്ചതോടെ പ്രദേശത്തെ കുടിവെള്ള വിതരണം പൂർണമായി മുടങ്ങി. സംഭവത്തിൽ പോലീസിലും കളക്ടർക്കും പരാതി നൽകുമെന്ന് പ്രദേശവാസികൾ പറഞ്ഞു.